# ദീനബന്ധു

മലയാള പുരോഗമന വാരിക

## വിഷയവിവരം


സ്തുതിപാഠകൻ— (കവിത) നാലാങ്കൽ കൃഷ്ണപിള്ള 3

ബ്രി.ഭരണസമ്പ്രദായവുംപൊതുജനാഭിപ്രായവും—പി. തങ്കപ്പൻ 4

ഭൂമിയുടെ മക്കൾ — (കലാവേദി) പി. വി. കരുവിള ബി. എ. കൽക്കട്ടാ 6

വാർഷികയോഗം—(ചെറുകഥ) വെട്ടൂർ രാമൻനായർ 7

അവർ പറയുന്നു— 9

സാഹിത്യകാരൻെറ പുനർജ്ജന്മം— പി. എൻ. കേശവൻ ബി· എ, ബി. എൽ 14

കൂർഗ്ഗ്— സുകുമാർ 16

ജീവിതകാഹളം— ആനന്ദക്കുട്ടൻ 17

“രണ്ടുവാക്കി”ൻെറ പുറകേ— കൊട്ടപ്പുന്ന ഗോവിന്ദഗണകൻ 19

ഒന്നു രക്ഷിക്കണേ!-- ആർ. സുഗതൻ 21

ഒന്നുകൂടി... തിരുവാർപ്പ് ബാലകൃഷ്ണൻനായർ 22


K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY MANNARGHAT

**XXV (33)**

**March 31, 1946**

വില 2 ണ.

# TRAVELLERS STOP & THINK!

A quiet and peaceful spot in which the tired traveller can dine in comfort !!

# HOTEL de PARK

&

# PARK CAFE

KOTTAYAM.

# ബ്ലഡ്-ഇൻ-ദ്രാക്ഷാ

നഷ്ടപ്പെട്ടുപോയ ആരോഗ്യത്തെ വീണ്ടെടുത്തു് താരുണ്യത്തെയും, ലാവണ്യത്തെയും പ്രദാനം ചെയ്യുന്നു. രക്തശ്ശുദ്ധിക്കും, പ്രസവശേഷമുള്ള ആരോഗ്യാഭിവൃദ്ധിക്കും അത്യുത്തമം.

എല്ലാ മരുന്നു ഷാപ്പുകളിലും

വിൽക്കപ്പെടും.

# ചിത്രോദയം

## സ്തുതിപാഠകൻ

(നാലാങ്കൽ കൃഷ്ണപിള്ള)

വാനോളംയജമാനൻ
തന്നുടെമഹിമകൾ
വാഴ്ത്തുകെന്നതേവ്രത
മാക്കിടുംനരാധമാ!
സ്വാർത്ഥപൂരണത്തി–
നായെന്തുകുചേഷ്ടിതം
നിത്യവുംനടത്തുന്നു
നിന്നുടെജിഹ്വാഞ്ചലം!!
മായശ്ശിരോമണി
തന്നെനീപുകഴ്ത്തുന്നു
മതിമാന്മാരുച്ചിഷ്ടം
മാണിക്യമതല്ലിയായ്;
ക്രൗര്യത്താൽയമനേയും
തോല്പിക്കുംക്രൂരൻതന്നി–
ലാരോപിച്ചിടുന്നുനീ
സൗമ്യത്തിൻവെൺചന്ദ്രിക;
മർദ്ദനചന്ദ്രഹാസമിളക്കി–
സ്സാധുക്കളിൽ
നിർദ്ദയം ചെന്തീപ്പൊരി
ചിതറുംദുഷ്ടന്മാരെ,
തങ്കാര്യംനേടീടുവാൻ
ദേവന്മാരാക്കുന്നുനിൻ
പങ്കത്തിൽമുഴുകിന്ന
കാപട്യവചസ്സുകൾ.........

എന്തൊരുദാസ്യത്തിനും
വഴങ്ങിയല്ലോനിൻപ്ര
സ്വാന്തവും, നിൻദേഹവും
നിന്നുടെമൊഴികളും!!
ലവവുമാത്മാർത്ഥത
കലരാ,തൊരിഞ്ചൊന്നു–
കിളരാൻ,നാല്ക്കാശു
കൂടുതൽകിട്ടീടുവാൻ,
ആത്മവഞ്ചനചെയ്തും
നിൻകൂട്ടർതന്നെയല്ലോ
ആശ്ലേഷിപ്പുമന്നിൽ
തങ്കാലവിലങ്ങുകൾ!!
നീളുംസ്തുതിയല്ലീ
സത്യത്തിന്നുമതിലും
പൂതമായ് കൈക്കൊൾവതു
വലിയോർമഹാത്മാക്കൾ
ഒടുവിലവർതക–
ർന്നീമന്നിൽപ്പതിക്കുമ്പോൾ
പരിഹാസോക്തിചൊരിവാൻ
നീയല്ലോമുൻപന്തിയിൽ......
ഇടിവെട്ടേറ്റിക്കൂട്ടർ
ഒന്നാകെത്തുലഞ്ഞെങ്കി–
ലിളതൻഭാരമെത്ര
ലഘുവായ്ച്ചമഞ്ഞേനേ!!

# ബ്രിട്ടീഷ് ഭരണസമ്പ്രദായവും പൊതുജനാഭിപ്രായവും

(പി. തങ്കപ്പൻ)

പൊതുജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നവർ പൊതുജനാഭിപ്രായമനുസരിച്ചു ഭരിക്കുന്നതാണല്ലോ യഥാർത്ഥ ഡിമോക്രസി, അഥവാ ജനകീയഭരണം. തെരഞ്ഞെടുപ്പിൽ, മററുള്ളവരുടെ പ്രേരണയോ സ്വാധീനശക്തിയോ അനുസരിച്ച് ആർക്കെങ്കിലും വോട്ടുചെയ്തു പിന്നത്തെ തിരഞ്ഞെടുപ്പുവരെ രാഷ്ട്രീയനിദ്രയിൽ ലയിക്കുന്ന ജനങ്ങളുടെയിടയിൽ ഡിമോക്രസി ശരിയായി പ്രവത്തിക്കുവാൻ പ്രയാസമാണ്. പൊതുജനങ്ങൾ ഗവർമ്മെൻറിൻെറ പ്രവത്തിയേയും, പരിപാടികളേയും, സർവ്വദാ ഉററുനോക്കിക്കൊണ്ടിരിക്കയും ജനാഭിലാഷത്തിനു വിരുദ്ധമായ ഗവർമ്മെൻറിൻെറ നയത്തെ നിശിതമായി വിമർശിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നിടത്തു മാത്രമെ ശരിയായ ഉത്തരവാദിത്വഭരണം ഉണ്ടായിരിക്കയുള്ളൂ.

പൊതുജനാഭിപ്രായം എന്നാൽ എന്തു്?

എല്ലാ ജനങ്ങൾക്കും ഒരേ അഭിപ്രായംതന്നെ ഉണ്ടാകുന്നതല്ല. പല വ്യക്തികൾക്കും പലതരത്തിലുള്ള അഭിപ്രായങ്ങൾ ഉണ്ടാകുന്നതാണെങ്കിലും പ്രധാന സംഗതികളിൽ വളരെപ്പേർക്ക് ഒരേ അഭിപ്രായംതന്നെ ഉണ്ടായെന്നു വരാം. അങ്ങിനെ രാഷ്ട്രത്തിലെ ഒരു വലിയ ജനവിഭാഗത്തിനു് ഏകകണ്ഠമായുള്ള അഭിപ്രായത്തിനു പൊതുജനാഭിപ്രായം എന്നു പറയാം. അത്തരം അഭിപ്രായം പുറത്തു വരണമെങ്കിൽ പൊതുജനസംഘടനകളും അഭിപ്രായസ്വാതന്ത്ര്യവും, വാദപ്രതിവാദസൌകര്യങ്ങളും, പ്രസംഗസ്വാതന്ത്ര്യവും അത്യാവശ്യമാണ്. പല തുള്ളികളും ഒന്നിച്ചുചേർന്നു് ഒരേ ചാലിൽകൂടി ഒഴുകുന്ന ജലപ്രവാഹംപോലെ പലരുടേയും അഭിപ്രായങ്ങൾ— അഭിലാഷങ്ങൾ ഒന്നിച്ചൊഴുകുന്നതിനു പൊതുസംഘടനകളും, സംരംഭങ്ങളും ഉണ്ടെങ്കിൽ മാത്രമെ പൊതുജനാഭിപ്രായം എന്താണെന്നറിവാൻ കഴിയുകയുള്ളൂ. ഉദാഹരണമായി തിരുവിതാംകൂറിലെ സ്റ്റേറ്റുകോൺഗ്രസ്സ്, ട്രെയിഡ് യൂണിയൻ കോൺഗ്രസ്സ്, മുതലായ സംഘടനകൾ തിരുവിതാംകൂറിലെ പൊതുജനാഭിപ്രായങ്ങളെ പ്രതിനിധീകരിക്കുന്നതുകൊണ്ടു് അതുവഴി പ്രകടമാകുന്ന അഭിപ്രായം തിരുവിതാംകൂറിലെ പൊതുജനാഭിപ്രായമെന്നു പറയാം. ലോകത്തിലെ പ്രഥമഗണനീയങ്ങളായ ജനകീയരാഷ്ട്രങ്ങളിൽ ഏററവും പഴക്കമേറിയ ബ്രിട്ടീഷ്ഭരണത്തിൽ പൊതുജനാഭിപ്രായത്തിനുള്ള സ്ഥാനം എന്തെന്നു പരിശോധിക്കുന്നതു പ്രയോജനപ്രദമായിരിക്കും. പൊതുജനാഭിപ്രായം പുറത്തു വരണമെങ്കിൽ അങ്ങിനെയൊന്നുണ്ടായിരിക്കണമല്ലോ. യാതൊരഭിപ്രായവുമില്ലാത്ത ചില മനുഷ്യരുള്ളപോലെ യാതൊരഭിപ്രായവുമില്ലാത്ത ജനസമൂഹങ്ങളുമുണ്ടു്. അറിവിൽനിന്നും, ആലോചനയിൽനിന്നുമാണ് അഭിപ്രായമുണ്ടാകുന്നതു്. ജനങ്ങളുടെയിടയിൽ അറിവും ആലോചനയും ഉണ്ടാകണമെങ്കിൽ അവർക്കു രാഷ്ട്രീയബോധം ഉണ്ടായിരിക്കണം. ഇംഗ്ലണ്ടിലെ ജനങ്ങൾ ചുരുങ്ങിയതു പത്തെഴുനൂറു കൊല്ലംമുതൽക്കേ രാഷ്ട്രീയബോധമുള്ളവരാണു്. സൌജന്യ വായനശാലകളും, നിസ്സാരമായ വിലയ്ക്കു ലഭിക്കുന്ന പുസ്തകങ്ങളും, പത്രങ്ങളും, സുലഭമായി ഉള്ളതുകൊണ്ടും, വിദ്യാഭ്യാസം സാധാരണ ജനങ്ങളുടെയിടയിൽ പ്രചരിച്ചിട്ടുള്ളതുകൊണ്ടും ഇംഗ്ലണ്ടിൽ വളരെയധികം പേർക്കു രാഷ്ട്രീയപ്രശ്നങ്ങളെപ്പററി വിവേകപൂർവ്വം അഭിപ്രായം പറയുവാനുള്ള ത്രാണിയുണ്ടു്. പ്രക്ഷേപണിവഴിയുള്ള പ്രസംഗങ്ങളും, വാദപ്രതിവാദങ്ങളും, അവർക്കു വലിയ രാഷ്ട്രീയ വിദ്യാഭ്യാസം നൽകുന്നുണ്ടു്. പാർലമെൻറിലെ പ്രസംഗങ്ങൾതന്നെ മിക്കതും പൊതുജനങ്ങൾ കേൾക്കുവാനുള്ള ഉദ്ദേശത്തോടുകൂടി നടത്തുന്നവയാണു്. കൂടാതെ പാർലമെൻറിലെ നടപടികൾ എല്ലാംതന്നെ പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധംചെയ്യാറുണ്ടു്. പാർലമെൻറിൽ അവതരിപ്പിക്കുന്ന പ്രധാന ബില്ലുകൾപോലും ആദ്യ വായനകഴിഞ്ഞാൽ അവ പ്രസിദ്ധപ്പെടുത്തുകയും, അവയെ പൊതുജനങ്ങൾ പഠിച്ച് അഭിപ്രായം പ്രകടിപ്പിക്കുന്നതിനു സമയം നൽകുകയും ചെയ്തതിനുശേഷമെ രണ്ടാംവായനയ്ക്കെടുക്കുകയുള്ളൂ. മാത്രമല്ല ഒരു നിയമം ഏതെല്ലാം താൽപ്പര്യങ്ങളെ ബാധിക്കുന്നുവൊ ആ താൽപ്പര്യങ്ങളുമായി ആലോചന നടത്തിയിട്ടേ പാർലമെൻറിൽ ആ നിയമം പാസ്സാക്കുകയുള്ളൂ. ഉദാഹരണമായി, പൊതുജനാരോഗ്യം സംബന്ധിച്ച നിയമങ്ങൾ, രാജ്യത്തുള്ള മെഡിക്കൽ സംഘങ്ങളുടെയും, ശുചീകരണ വിദഗ്ദ്ധന്മാരുടെയും മററും അഭിപ്രായങ്ങൾ അറിഞ്ഞതിനുശേഷമെ പാസ്സാ

കയുള്ളൂ. പൊതുജനാഭിപ്രായം മന്ത്രിസഭയെ അറിയിക്കുന്നതിനു പല മാൎഗ്ഗങ്ങളുണ്ട്. ഭീമഹൎജ്ജികൾ പണ്ടുമുതൽക്കെ സ്വീകരിച്ചിട്ടുള്ള ഒരുപായമാണ്. 1814-ൽ അടിമക്കച്ചവടം നിരോധിപ്പാൻ പത്തുലക്ഷം ജനങ്ങൾ ഒപ്പിട്ട ഒരു ഹൎജ്ജി സമൎപ്പിക്കയുണ്ടായി. അതേ സംഗതിക്കുതന്നെ 1833-ൽ പതിനഞ്ചുലക്ഷം ഒപ്പുകളടങ്ങിയ ഒരു ഹൎജ്ജി സമൎപ്പിക്കപ്പെട്ടു. അക്കാലത്തിലാണ് അടിമത്തം നിയമവിരുദ്ധമാക്കീട്ടുള്ള നിയമം പാസ്സായത്. നിവേദകസംഘങ്ങൾ മന്ത്രിമാരെ സമീപിക്കുന്നതു സാധാരണയുള്ള പതിവാണ്. അവൎക്കു മന്ത്രിമാരോടു വാദിച്ചു കാൎയ്യം ധരിപ്പിക്കാവുന്നതുകൊണ്ട് ഈ സമ്പ്രദായത്തിനു ഹൎജ്ജിയെക്കാൾ പ്രയോജനമുണ്ട്. പൊതുജനാഭിപ്രായപ്രകടനത്തിനുള്ള ഏറ്റവും ഫലപ്രദമായ മാൎഗ്ഗങ്ങളിൽ ഒന്നാണു പൊതുസമ്മേളനം. 1888-ൽ പൊതുസ്ഥലങ്ങളിൽ പൊതുജനസമ്മേളനം നിയമവിരുദ്ധമല്ലെന്ന് ഒരു വിധിയുണ്ടായി; ഇംഗ്ലണ്ടിൽ പൊതുസമ്മേളനം കൂടുന്നതിനു നിയമബാധയില്ല. രാജസ്ഥാനത്തേയും, ഗവൎമ്മെന്റിനേയും തകിടം മറിക്കുന്നതിനും ജനങ്ങൾതമ്മിൽ വെറുപ്പും വിദ്വേഷവും വൎദ്ധിപ്പിക്കുന്നതിനും പൎയ്യാപ്തമായ സമ്മേളനങ്ങൾ ശിക്ഷാൎഹമാണെന്നേയുള്ളൂ. പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനുമുള്ള വേറൊരുപകരണം പൊതുജനസംഘടനകളാണ്. അത്തരം സംഘടനകൾ പല രാഷ്ട്രീയപരിഷ്കാരങ്ങളും വരുത്താൻ പ്രേരകങ്ങളായി തീൎന്നിട്ടുണ്ട്. 1832-ലെ നിയമനിൎമ്മാണപരിഷ്കാരത്തിനുശേഷം ഈവക സംഘടനകൾക്ക് നിൎബാധം പ്രവൎത്തിക്കാനുള്ള സ്വാതന്ത്ര്യം ഇംഗ്ലണ്ടിൽ ലഭിച്ചിട്ടുണ്ടെന്നു പറയാം. ഇവയിൽ "വിമൻസ് സോഷ്യൽ ആൻഡ് പൊളിറ്റിക്കൽ യൂണിയൻ" എന്ന പേരായ വനിതാസംഘം സ്ത്രീകൾക്കു വോട്ടവകാശം ലഭിക്കുന്നതിനു നടത്തിട്ടുള്ള പ്രക്ഷോഭണം പ്രത്യേകം പ്രസ്താവ്യമാണ്. പൊതുജനാഭിപ്രായ ജിഹ്വകളായ സംഘടനകളിൽ ഏറ്റവും പ്രബലമായ ഒന്നാണു തൊഴിലാളികളുടെ ട്രേഡ്സ്യൂണിയൻ കോൺഗ്രസ്സ് എന്ന പേരായ സംഘടന. പൊതുജനാഭിപ്രായം അനുസരിച്ചു ഭരണം നടത്തുന്നതിനു സംഘടന എത്രമാത്രം അവശ്യമാണെന്നു ബ്രിട്ടീഷ് ഭരണരീതി പരിശോധിച്ചാൽ മനസ്സിലാകും. സൈന്യനിയമം, ഭരണച്ചെലവ്, നികുതി, എന്നിങ്ങനെയുള്ള ഭരണസംഗതികൾ ഓരോ ആണ്ടിലും കൊണ്ടുവന്നു പ്രത്യേകം സമ്മതം സമ്പാദിക്കേണ്ടതാണ്. സമ്മതം നേടുന്നതിനുമുമ്പ് ഈ സംഗതികൾ സംബന്ധിച്ചു വാദപ്രതിവാദ നടപടികളും ഉണ്ടാകാറുണ്ട്. ഈ നടപടികളെല്ലാം വിചിന്തിക്കുന്നതു പ്രമേയങ്ങളുടെ നാനാവശവും ചൎച്ചചെയ്തു തത്വനിൎണ്ണയം വരുത്തുന്നതിനുള്ള സൗകൎയ്യത്തിനാണല്ലൊ. ഇംഗ്ലണ്ടിൽ ഇപ്പോൾ യാഥാസ്ഥിതികർ, ഉൽപ്പതിഷ്ണുക്കൾ, തൊഴിലാളികൾ എന്നു മൂന്നു പ്രധാന രാഷ്ട്രീയകക്ഷികളാണുള്ളത്. ഓരോ കക്ഷിക്കും പ്രത്യേകമായി കേന്ദ്രസംഘടനകളും, പ്രവൎത്തനങ്ങളും, ഫണ്ടുകളും, പത്രങ്ങളും, വിശദമായ രാഷ്ട്രീയാദൎശങ്ങളും കാൎയ്യപരിപാടികളുമുണ്ട്. ഓരോ തെരഞ്ഞെടുപ്പിലും മേൽപറഞ്ഞ കക്ഷികൾ അവരുടെ സ്ഥാനാൎത്ഥികളെ നിറുത്തുകയും, അവൎക്കു ഭരണാധികാരം ലഭിച്ചാൽ എന്തു ചെയ്യുമെന്നുള്ള കാൎയ്യപരിപാടി നിയോജകമണ്ഡലത്തിലെ പൊതുജനങ്ങളെ അറിയിക്കയും ചെയ്യുന്നു. പൊതുജനങ്ങൾ ഏതു കക്ഷിയുടെ കാൎയ്യപരിപാടിയാണു കൂടുതൽ അനുകൂലിക്കുന്നതെന്നുവച്ചാൽ ആ കക്ഷിക്കുവേണ്ടി വോട്ടുചെയ്യുന്നു. സാധാരണ കക്ഷി നോക്കിയാണ്, വ്യക്തി നോക്കിയല്ല ജനങ്ങൾ വോട്ടുചെയ്യുന്നത്. പൊതു തെരഞ്ഞെടുപ്പിൽ ഏതു കക്ഷിക്കാണോ ഭൂരിപക്ഷം കിട്ടുന്നതു, ആ കക്ഷിയിലെ നേതാക്കന്മാരാണു ക്യാബിനറ്റ് (മന്ത്രിസഭ) രൂപവൽക്കരിച്ചു ഭരണം നടത്തുക. അതുകൊണ്ടു തെരഞ്ഞെടുപ്പുസമയത്തു പൊതുജനങ്ങൾക്കു സമൎപ്പിച്ചിട്ടുള്ള കാൎയ്യപരിപാടികൾക്കു വിരുദ്ധമായ നയം അവർ സ്വീകരിക്കുവാൻ ഒരുങ്ങുന്നതല്ല. കാരണം അടുത്ത തെരഞ്ഞെടുപ്പിൽ ജനങ്ങൾ അവൎക്കു വോട്ടു ചെയ്കയില്ല എന്നുള്ള ഭയമാണ്. തെരഞ്ഞെടുപ്പുകാലത്തു വോട്ടവകാശികളുടെ പുറകെ നടന്നു കാൎയ്യംകാണാനുള്ള കഴുതക്കാലുപിടുത്തവും, തെരഞ്ഞെടുപ്പുകഴിഞ്ഞാൽ കാണാറുള്ള ഉത്തരവാദരാഹിത്യവും ഇംഗ്ലണ്ടിൽ സാദ്ധ്യമല്ല. നിയമസഭയിൽ ചെന്നാൽ തോന്നിയതുപോലെ കാലുമാറാനും നിൎവ്വാഹമില്ല. പൊതുജനാഭിപ്രായത്തിനുള്ള വേറൊരു പരിരക്ഷ പാൎലിമെന്റിൽ ഒരു ശക്തിയേറിയ പ്രതിപക്ഷകക്ഷിയുണ്ടെന്നുള്ളതാണ്. പൊതു തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടാത്ത കക്ഷികൾ ഭരണാധികാരം കരസ്ഥമാക്കീട്ടുള്ള കക്ഷികളുടെ ഭരണദൂഷ്യങ്ങൾ ചൂണ്ടിക്കാണിക്കാൻ സദാ ജാഗരൂകരായിരിക്കുന്നു. അതുകൊണ്ട് ഭരണകക്ഷി പൊതുജനാഭിപ്രായം വിഗണിക്കുന്നത് അപകടകരമായിരിക്കും. ബ്രിട്ടീഷ് ഭരണവ്യവസ്ഥയിൽ പ്രതിപക്ഷകക്ഷിക്കുള്ള സ്ഥാനം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പ്രതിപക്ഷകക്ഷിനേതാവിനു ഗവൎമ്മെന്റിൽനിന്നു ശമ്പളം നൽകുന്നുവെന്നുള്ളതു ഇതിനു തെളിവാണ്. പരിപൂൎണ്ണമായ പത്രസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം, സംഘടനാ

കലാവേദി

# "ഭൂമിയുടെ മക്കൾ"

## പീപ്പിൾസ് തീയേറ്റർകാരുടെ ആദ്യത്തെ ചലനചിത്രം

(പി. വി. കരുവിള ബി. ഏ. കൽക്കട്ടാ)

ഭാരതത്തിൽ ഇന്നു കാണുന്ന നിരവധി രാഷ്ട്രീയ വിഭാഗങ്ങളുടെ വിഭിന്നാദർശങ്ങൾക്ക് അതീതമായി, ഹിന്ദു-മുസ്ലീം-കോൺഗ്രസ്സ്-കമ്മ്യൂണിസ്റ്റ് കക്ഷി ഭേദങ്ങളെന്യേ നിലകൊണ്ടിരിക്കുന്ന ഒരു സംഘടനയാണ് ഇന്ത്യൻ പീപ്പിൾസ് തീയേറ്റർ അസോസിയേഷൻ. ഭാരതജനതാ നടനകലാസമിതി എന്ന് ഈ പേരിനെ ഞാൻ പരിഭാഷപ്പെടുത്തുന്നു. "അജ്ഞാന വിജ്ഞാനസന്ദേഹിനീ സംശയവും മറവും കേൾക്കാറുള്ളതുപോലെ ദുർവ്യാഖ്യാനത്തിനിടകൊടുക്കാതെ ഒരു പേരിനർഹമായ രീതിയിലുള്ള അതിന്റെ പ്രഖ്യാതിയും പുരോഗമനവുംകൊണ്ടു തന്നെ. ജാതിഭേദവും ആദർശഭേദവും അവഗണിച്ച് ഇതിൽ ചേർന്നിരിക്കുന്ന യുവാക്കന്മാർക്കുള്ള വിശാലതയും പുരോഗമന സാഹിത്യസംഘടനകളിൽനിന്നു ലഭിച്ചിട്ടുള്ള പ്രചോദനമാണ് ഈ പ്രസ്ഥാനത്തിന്റെ ജനയിതാക്കളെ ഇതിലേക്കു പ്രേരിപ്പിച്ചിട്ടുള്ളത്.

ബങ്കാളിലും ബോംബെയിലും ഒന്നിനു പിന്നാലെ ഒന്നായി ഈ സമിതി അഭിനയിച്ചിട്ടുള്ള നാടകങ്ങൾ ഭാരതീയരെ ദേശീയബോധത്തെയും സ്വാതന്ത്ര്യതൃഷ്ണയെയും തട്ടിയുണർത്തുന്നതിനും പൊതുജനസമ്മതം ആർജ്ജിക്കുന്നതിനും ഉതകിയിട്ടുണ്ട്. ഭാരതത്തിലെ നടനവേദികളിലും ചലച്ചിത്രങ്ങളിലും ഇതിനു മുമ്പാരിക്കലും കണ്ടിട്ടില്ലാത്ത നിഴൽനൃത്തം, നിഴലാട്ടം എന്നീ നവീനാഭിനയരീതികളും ഈ ജനതാസമിതി അവതരിപ്പിച്ചിട്ടുണ്ട്.

ഈ നടനകലാസമിതിയുടെ അടുത്ത സംരംഭം ഒരു ചലച്ചിത്രാഭിനയമാണ്. ബങ്കാളിലെ കഴിഞ്ഞ കൊടിയ ക്ഷാമക്ഷോഭങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ദയനീയകുടുംബജീവിതമാണ് കഥാവിഷയം. മദ്ധ്യബങ്കാളിലെ ഒരു ഗ്രാമത്തിൽ, സാധുകുടുംബത്തിൽ ഒരു കാരണവരും വിവാഹിതരായ രണ്ടു പുത്രന്മാരും ജീവിച്ചിരുന്നു. 1942-ലെ രാഷ്ട്രീയപ്രക്ഷോഭണങ്ങളുടെ അലതല്ലൽ ആ ഗ്രാമത്തിലും അനുഭവപ്പെട്ടു. പ്രക്ഷോഭണത്തിൽ പെട്ട പുത്രന്മാർ തടങ്കലിൽപെടുകയും പിന്നീടു സ്വതന്ത്രരാക്കപ്പെടുകയും ചെയ്തു. പുറകേവന്ന പ്രകൃതിക്ഷോഭം-ജലപ്രളയവും ക്ഷാമവും-ഈ കുടുംബത്തെ അശരണരാക്കി. മറ്റനേകരെപ്പോലെ കാരണവരും പുത്രന്മാരും അവരുടെ ഭാര്യമാരും കൽക്കട്ടാ പട്ടണത്തിൽ അഭയംതേടി. ഒരു നേരത്തെ ഭക്ഷണം മോഹിപ്പിച്ച് അവരിലൊരാളുടെ ചാരിത്ര്യഭംഗത്തിനുപോലും പട്ടണത്തിൽ ചില നീചന്മാർ ഒരുമ്പെട്ടു. ക്ഷാമത്തിനു പിന്നീടുണ്ടായ വന്നതയിൽ കാരണവർ ഭ്രാന്തനായിത്തീർന്നു. ഏതാനും മാസങ്ങൾക്കുശേഷം പട്ടണത്തിലെ ക്ലേശജീവിതം അവസാനിപ്പിച്ച് സ്വഗ്രാമങ്ങളിലേക്ക് ജനങ്ങൾ തിരിച്ചുതുടങ്ങി.

കഥാവിഷയമായ കുടുംബത്തിലെ പുത്രന്മാരും അവരുടെ ഭാര്യമാരും വേർപിരിയപ്പെട്ടെങ്കിലും സ്വഗൃഹങ്ങളിൽ ഒരുമിച്ചുകൂടിച്ചേർന്നു. ഗ്രാമത്തിലെ ജീവിതരീതി പാടെ മാറി. ജനങ്ങൾ സഹകരണപൂർവം കൃഷികാര്യങ്ങൾ നടപ്പിലാക്കി. ജനകീയപഞ്ചായത്തുകൾ വഴി അവരുടെ തർക്കങ്ങൾ ഒത്തുതീർത്തുവന്നു. ആദ്യ വിളവെടുപ്പിന്റെ ദിവസം ഒരു മഹോത്സവമായി ഗ്രാമവാസികൾ ആഘോഷിച്ചു. ഭ്രാന്തുപിടിച്ചുപോയ കാരണവരും തപ്പിത്തിരഞ്ഞ് അന്നു തന്നെ സ്വഗൃഹത്തിലെത്തി. 'നവെണ്ണാ' അഥവാ നവോത്സവം എന്നപേരിലാണ് ബങ്കാളിയിൽ മൂലകഥ എഴുതപ്പെട്ടിരിക്കുന്നത്. ആകർഷണീയമായ ഈ നാടകം ഇപ്പോൾ 'ധർത്തി കെ ലാൽ' അഥവാ 'ഭൂമിയുടെ മക്കൾ' എന്നപേരിൽ ഹിന്ദിയിലേക്കു പരിഭാഷപ്പെടുത്തി ഒരു ചലച്ചിത്രമായി അഭിനയിക്കപ്പെട്ടുവരുന്നു.

സമിതിയുടെ ആദർശത്തിനനുസരണമായി സമവിതരണരീതിയിലാണ് നടീനടന്മാ

---

സ്വാതന്ത്ര്യം, പാർലമെന്റിൽ പ്രതിപക്ഷകക്ഷിക്കുള്ള സ്ഥാനം, തെരഞ്ഞെടുപ്പുകാലത്തു പൊതുജനങ്ങളുടെ മുമ്പിൽ സമർപ്പിച്ച കാര്യപരിപാടി [illegible]ക്കാനുള്ള ബാദ്ധ്യത, ഇതൊക്കെ വളരെ വ്യക്തമായ കാര്യങ്ങളാണ്. അവിടത്തെ ഗവർമ്മെന്റിനു പൊതുജനാഭിപ്രായത്തെ അവഗണിച്ചു ഭരിക്കാൻ നിവൃത്തിയില്ല. ഇതിനെല്ലാം ഉപരിയായി പൊതുജനങ്ങളുടെ രാഷ്ട്രീയ പ്രബുദ്ധത ഉത്തരവാദഭരണത്തിന്റെ ഏറ്റവും വലിയ പരിരക്ഷയുമാണ്.

ചെറുകഥ

# വാർഷികയോഗം

(വെട്ടൂർ രാമൻനായർ)

റോഡിൽ പറന്നുകളിച്ച ഒരു മഞ്ഞ കടലാസ്സിലേക്കു് എന്റെ ശ്രദ്ധ പതിഞ്ഞു. "വാർഷിക മഹാമഹം". ആ വലിയ അക്ഷരങ്ങൾ വായിക്കത്തക്കവിധം ആ നോട്ടീസ് വിരിഞ്ഞുകിടന്നു. ഞാൻ അതു കൈയിൽ എടുത്തു നോക്കി. ആദ്യവാചകം തന്നെ എന്നിൽ ഓർമ്മകളുടെ ചുഴലിക്കാറ്റു് ഇളക്കി. പത്തുവർഷംമുമ്പ്, എന്റെ നല്ലകാലങ്ങളോടൊപ്പം ഞാൻ വെടിഞ്ഞുപോന്ന ആ ഹൈസ്കൂളിലെ വാർഷികയോഗം! ഞാൻ തീയതി ശ്രദ്ധിച്ചു. ഇന്നു് അന്നാണു്. സമ്മേളനവും നാടകവും എല്ലാമായി പകലും രാത്രിയും നിറഞ്ഞ പരിപാടികളുണ്ടു്.

മധുരസ്മരണകൾ നിറഞ്ഞ പല വർഷങ്ങൾ അവിടെ കഴിഞ്ഞിട്ടുണ്ടു്. മറക്കുവാൻ കഴിയാത്ത പലതും അന്നു സംഭവിച്ചിട്ടുണ്ടു്. തോൽവിയും ജയവും അന്നു് ഒരുപോലെ ആഹ്ലാദകരമായിരുന്നു. പത്തുവയസ്സുള്ള ഒരു ബാലനായി പ്രവേശിച്ചു പത്തൊൻപതു വയസ്സുള്ള ഒരു യുവാവായി പുറത്തുപോന്നു. അവിചാരിതമായല്ലാതെ ആർത്തിയോടെ കാത്തിരുന്നു് ഒൻപതു വാർഷികങ്ങൾ അവിടെ കഴിഞ്ഞതാണു്. പത്തൊൻപതുകൊല്ലങ്ങൾ മുമ്പു നടന്ന ആഘോഷങ്ങൾപോലും വ്യക്തമായി സ്മരണയിൽ വന്നു.

കഴിഞ്ഞ പത്തുവർഷങ്ങളിലെല്ലാം അവിടെ വാർഷികയോഗങ്ങൾ നടന്നിരിക്കണം. പഠിച്ചിരുന്ന കാലത്തു് ആ യോഗങ്ങളെല്ലാം ഞാൻകൂടി ഉത്തരവാദപ്പെട്ടാണു നടത്തിയിട്ടുള്ളതു്. ആ സ്കൂൾ എന്റെ സ്വന്തമായിരുന്നു. അവിടെ നടന്ന എല്ലാറ്റിലും എനിക്കു സജീവമായ പങ്കുണ്ടായിരുന്നു. അവിടെ എന്തെങ്കിലും നടക്കുവാൻ അതു് ആവശ്യവുമായിരുന്നു. എന്റെ അസാന്നിദ്ധ്യത്തിലും അവയെല്ലാം വീണ്ടും നടക്കുന്നു!

ഒന്നു സംബന്ധിച്ചെങ്കിലോ! ഞാൻ ആലോചിച്ചു. ഒരന്യനായി അവിടെച്ചെല്ലുക. ഞാൻ അവിടെ പഠിക്കുന്നുണ്ടായിരുന്നെങ്കിൽ വെറും അപ്രധാനികളാകുമായിരുന്ന കുട്ടികൾ എന്നെ കൂട്ടിക്കൊണ്ടുപോയി ഒരിടത്തിരുത്തുക. സ്ഥാനഭ്രഷ്ടനായ ഒരധികാരിയെപ്പോലെ അവിടെ കഴിഞ്ഞുകൂടുക. പത്തുവർഷംമുമ്പ് എന്റേതായിരുന്നതെല്ലാം ഇന്നു് അന്യർ കൈകാര്യംചെയ്യുന്നതു ഞാൻ കാണണം!.

മണി പതിനൊന്നു കഴിഞ്ഞതേയുള്ളു. കഷ്ടിച്ചു് അഞ്ചുമൈൽമാത്രം ദൂരമുള്ള ആ ഗ്രാമത്തിൽ ഒരുമണിക്കു മുമ്പായി എത്താം. കുറച്ചുസമയത്തേയ്ക്കെങ്കിലും തകർത്തു നടന്ന ആ നല്ലകാലങ്ങൾ അയവിറക്കാം. അവിടത്തെ കുന്നുകളിലും വയലുകളിലും ആറ്റിൻ കരയിലും വീണുപോയ കൗമാരത്തിന്റെ മധുരിമകൾ തിരിച്ചു കിട്ടുകയില്ല. എങ്കിലും ആ പരിസരങ്ങളോടുള്ള രക്തബന്ധം പുതുക്കുവാൻ രസമുള്ളതാണു്.

ഒരുമണിക്കു് അവിടെ എത്തിയാൽ പഴയ ചങ്കരമ്മാവന്റെ കടയിൽനിന്നും ഊണു കഴിക്കാം. കറിവേപ്പില ചമ്മന്തിയും കടുകുമാങ്ങയും കൂട്ടിയുള്ള ആ ഊണു് മറക്കുവാൻ കഴിയില്ല. മസൂരിക്കലയുള്ള ചങ്കരമ്മാവന്റെ ആ മുഖം ഇപ്പോൾ കുറേക്കൂടെ വികൃതമായിക്കാണണം. ഞാൻ ആ കൊടുംവെയിൽ തീരെ വകവയ്ക്കാതെ ആ ഗ്രാമത്തിലേയ്ക്കു തിരിച്ചു.

പഴയ സതീർത്ഥ്യന്മാർ പലരും ഓർമ്മയിൽ നിരന്നു. ചിലരെല്ലാം നല്ലനിലയിൽ എത്തിയിട്ടുണ്ടു്. ഒരാൾ ബോംബയിൽ ഒരു വലിയ കമ്പനിയുടെ ഡയറക്ടരാണു്. വമ്പിച്ച ശമ്പളമുണ്ടു്. മറ്റൊരാൾ, പട്ടാളം ഓഫീസർ. പിന്നെ ഒരാൾ പ്രശസ്തനായ ഒരു പത്രാധിപരാണു്. ഡയറക്ടർക്കും ക്യാപ്റ്റനും അടുത്ത നാൾവരെ കത്തുകൾ അയച്ചുകൊണ്ടിരുന്നു. ആദ്യമെല്ലാം അവർ മുറയ്ക്കു മറുപടി അയച്ചിരുന്നു. പിന്നീടു വല്ലപ്പോഴും. നാ

---

ർക്കു് പാരിതോഷികം കൊടുത്തുവരുന്നതു്. ബംഗാളിലെ പുരോഗമനസാഹിത്യകാരന്മാരിൽ മികച്ച ഒരു യുവാവാണു് ശ്രീ ശംഭുമിത്രാ. ബോംബെ ക്രോണിക്കൾ പത്രത്തിന്റെ ഉപാധിപനും നടനസമിതിയുടെ ജനയിതാക്കളിൽ ഒരാളുമാണു് കെ. അബ്ബാസ്. ഇവരിരുവരുമാണു് ചിത്രത്തിന്റെ ഡയറക്ടർമാർ. ശ്രീ ശംഭുമിത്രാ പ്രധാന നടനുമാണു്. ശ്രീ പൃഥ്വിരാജ് അസിസ്റ്റന്റ് ഡയറക്ടറും നടനുമാണു്. ബാലരാജ് സാഹ്നി, തുടങ്ങി സമർത്ഥരായ മറ്റുപല നടീനടന്മാരും ഇതിൽ അഭിനയിക്കുന്നുണ്ടു്. നടന്മാർക്കും ഡയറക്ടർമാർക്കും പ്രതിമാസം നാനൂറുരൂപാ ക്ലിപ്തശമ്പളം മാത്രം കൊടുക്കുന്നു. അതിൽ വ്യത്യാസവും വലിപ്പച്ചെറുപ്പവുമില്ല.

—0—

ല്ലം അഞ്ചും എഴുത്തിനു മറുപടി കിട്ടാതായപ്പോൾ ഞാനും എഴുത്തു നിറുത്തി. ഭാഗ്യത്തിന്റെ ചിറകുകളിൽ ഉയർന്നുപോകുന്ന അവരെ പഴയ ബന്ധങ്ങളിൽ പിടിച്ച് എന്തിനു പുറകോട്ടു വലിക്കുന്നു. അവരെ എല്ലാം ഞാൻ അഭിമാനപൂർവം സ്മരിച്ചു.

സൂര്യൻ ജ്വലിച്ച് ഉയരുകയാണ്. താറടിക്കുമ്പോൾ തീനാമ്പുകൾ മേഘത്തു മുട്ടുന്നതുപോലെ തോന്നും. സമീപത്തുള്ള പുരയിടങ്ങളിൽ ആ ചുട്ടവെയിൽ വകവയ്ക്കാതെ കൃഷിക്കാർ പണിയെടുക്കുന്നുണ്ട്. തലയിൽ വലിയ കരിയില ചുമടുകൾ വഹിച്ചുകൊണ്ടു ചെറുമികൾ ചുറുചുറുക്കോടെ നടന്നുപോകുന്നു. താഴെ വയൽവക്കിലെ കുളത്തിൽ നിന്നും വെള്ളം നിറച്ച പാളകൾ ഒരു നീണ്ട ദണ്ഡിന്റെ രണ്ട് അഗ്രങ്ങളിലും തൂക്കി തോളിലേറ്റിക്കൊണ്ട് അർദ്ധനഗ്നകളായ ഗ്രാമീണസ്ത്രീകൾ കുന്നിൻ ചരിവുകൾ ഇഴഞ്ഞു കയറുകയാണ്. അപ്പുറം മേഘമാലകൾ മൂടി നീലച്ചും കറുപ്പും കലർന്നു കിടക്കുന്നു. വഴിവക്കിൽ ഉയർന്നുനിൽക്കുന്ന പറങ്കിമാവിന്റെ തണൽപറ്റി ഞാൻ മുമ്പോട്ടു നടന്നുപോയി.

ഞാൻ ആ കടലാസ് ചുരുൾ വീണ്ടും നിവർത്തി നോക്കി. രാത്രിയിലെ നാടകത്തിനാണ് പ്രാധാന്യം. ഒരുവശത്തു മീറ്റിംഗിന്റെ പ്രോഗ്രാമും ചേർത്തിട്ടുണ്ട്. അധ്യക്ഷൻ ഒരു ഉയർന്ന ഉദ്യോഗസ്ഥനാണ്. മാനേജ്മെന്റിന് അദ്ദേഹത്തെക്കൊണ്ട് എന്തെങ്കിലും കാര്യങ്ങൾ സാധിക്കുവാനുണ്ടാകും. മുഖ്യ പ്രാസംഗികൻ ഒരു അഡ്വക്കേറ്റ്. അടുത്തത് മിസ്. മേരി ജോസഫ് ബി. എ. (പൂർവവിദ്യാർത്ഥിനി) ആണ്. ഞാൻ അവിടം വിട്ടതിൽപിന്നെ പഠിച്ചവർ ആരോ ആയിരിക്കണം. എന്തായാലും അതൊരു ഭാഗ്യമാണ്. തന്റെ പിൻഗാമികളുടെ മുമ്പിൽ അങ്ങിനെ ചെല്ലുവാൻ ഇടയാവുക. അത് എത്രപേർക്ക് സാധിച്ചിട്ടുണ്ടാവും! ആ ശ്രീമതിയുടെ സഹപാഠികളിൽ അധികംപേരും ഹൈസ്കൂൾ വിദ്യാഭ്യാസംപോലും പൂർത്തിയാക്കിയിരിക്കയില്ല. കരിയും ചളിയും പുരണ്ട് അവരിൽ പലരും അടുക്കളയുടെ മൂലകളിൽ കഴിയുകയായിരിക്കണം. ചിലരെങ്കിലും മരിച്ചിരിക്കാനും മതി.

ഒരുമണിക്കു മുമ്പുതന്നെ ഞാൻ ആ ഗ്രാമത്തിലെത്തി. സ്കൂൾ വിട്ടതിൽപിന്നെ അവിടം ആദ്യമായി കാണുകയാണ്. പത്തുവർഷത്തിനകം അവിടം എന്തുമാത്രം മാറിപ്പോയി! പരിഷ്കൃതരീതിയിലുള്ള ഹോട്ടലുകളും ചായക്കടകളും ഉണ്ടായി. ചങ്കരമ്മാവന്റെ ഓലക്കെട്ടിടത്തിന്റെ സ്ഥാനത്ത് നല്ല ഒരു രണ്ടുനില മാളികയാണ്. അടിയിലത്തെ നിലയിൽ വമ്പിച്ച നിലയിൽ നടത്തുന്ന ഒരു ജൗളിക്കട. മുകളിൽ ഒരു ബാങ്ക്!

ഞാൻ ചങ്കരമ്മാവനെപ്പറ്റി അന്വേഷിച്ചു. അയാൾ മൂന്നുവർഷംമുമ്പ് വയർവീർപ്പുമൂലം മരിച്ചുപോയി.

വിറയ്ക്കുന്ന കാലുകളോടെ ഞാൻ വിദ്യാലയത്തിന്റെ ഗേയിറ്റു കടന്നു. ആ മണ്ണിൽ ചുംബിക്കുവാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. ആ ക്ഷോഭങ്ങൾ ഹൃദയത്തിനു താങ്ങുവാൻ കഴിയാത്തവിധം ശക്തിമത്തായിരുന്നു.

അവിടെയും മാറ്റങ്ങൾ കാണായി. പുതിയതരം ഗെയിംസിനും കായികവിനോദങ്ങൾക്കും സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്. സ്കൂൾകെട്ടിടത്തിനു തൊട്ടു പടിഞ്ഞാറുവശം ഫലവൃക്ഷങ്ങളും പൂച്ചെടികളും നിറഞ്ഞ മനോഹരമായ ഒരുദ്യാനമാണ്. അങ്ങനെ പലതും ഉണ്ട്.

മീറ്റിംഗിന് ആളുകൾ വന്നുതുടങ്ങി. വിദ്യാർത്ഥികൾ ഉത്സാഹഭരിതരായി തിരക്കിനടക്കുന്നു. ഖദർ ധരിച്ച സുമുഖനായ ഒരു യുവവിദ്യാർത്ഥി—അയാൾ സ്കൂൾസമാജത്തിന്റെ സെക്രട്ടറിയായിരിക്കണം—വിദ്യാർത്ഥിനികൾ കൂടിനിന്നിരുന്ന വരാന്തയിൽ ചെന്ന് ഡാൻസ് തുടങ്ങി പെൺകുട്ടികളെ ചുമതലപ്പെടുത്തിയിരുന്ന പരിപാടികളെപ്പറ്റി സംസാരിക്കുന്നു. എല്ലായിടവും സജീവവും പ്രവർത്തനനിരതവുമാണ്.

ഞാൻ വരാന്തയിൽ കയറി. പരിചയക്കാർ ആരും ഇല്ലേ? ഉണ്ടാവണം. എന്റെ കണ്ണുകൾ ചുറ്റുപാടും പരതിക്കൊണ്ടിരുന്നു. ആരെയും കണ്ടില്ല. അവിടം തികച്ചും അപരിചിതമാണ്. അത് പഴയ വിദ്യാലയമല്ല. കുട്ടികൾക്ക് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് അധ്യാപകന്മാർ പലരും അടുത്തുകൂടി കടന്നുപോയി. അവരെല്ലാം പുതിയ ആളുകളാണ്. ഞാൻ പ്രതീക്ഷിച്ച രംഗങ്ങളുമായി അവയ്ക്ക് ഒരു ബന്ധവുമില്ല.

ഞാൻ ഒരു പരുങ്ങലോടുകൂടി അങ്ങനെ നിന്നു. ആരും എന്നെ ഗൗനിച്ചില്ല. "ഹലോ മി. നായർ" എന്നു വിളിച്ചുകൊണ്ട് ഓടിവന്ന് ആരും എന്നെ കെട്ടിപ്പിടിച്ചില്ല. പരിണാമങ്ങളിൽ പകയ്ക്കാതെ ആ വിദ്യാലയം ഗംഭീരമായി നിലകൊണ്ടു. പത്തുകൊല്ലംമുമ്പ് അടക്കംചെയ്ത ദിനങ്ങളുടെ ഒരു ശവകല്ലറയാകുവാൻ അതു തയ്യാറില്ല.

എങ്കിലും ഞങ്ങൾ ആ സ്ഥാപനത്തെ സ്വന്തം ഗൃഹങ്ങളെക്കാളും ജീവനെക്കാളും തന്നെ സ്നേഹിച്ചിരുന്നല്ലോ. അന്നന്ന് വരുന്നവർക്ക് സ്വന്തമായിനിന്നു ആവശ്യങ്ങളുടെ അന്ത്യത്തിൽ അവരെ വിസ്മരിച്ചും അതു പുലർന്നുപോകുന്നു. അതു സരസ്വതീനിലയമല്ല—വേശ്യാലയമാണ്. ശാശ്വതമാ

# അവർ പറയുന്നു

## ലക്ഷ്യത്തിലെത്തും

### ബർനാഡ് ഷാ

ഇന്ത്യ സ്വാതന്ത്ര്യത്തിനുവേണ്ടി ഒരു പക്ഷെ അഞ്ചുവർഷത്തെ പ്രക്ഷോഭണം നടത്തേണ്ടതായിവരാം, മറിച്ച് അഞ്ചുമാസത്തെ പ്രക്ഷോഭണം മതിയെന്നും വരാം. എന്നാൽ ഒന്നു തീർച്ചയാണ്. ഈ നെട്ടോട്ടത്തിന്റെ അവസാനത്തിൽ ഇന്ത്യ സ്വാതന്ത്ര്യലക്ഷ്യത്തിൽ എത്തും.

സ്വാതന്ത്ര്യം പ്രാപിച്ചാൽ വിഷമം പിടിച്ച ഒരു കാലഘട്ടത്തെ ആയിരിക്കും ഇന്ത്യ നേരിടേണ്ടിവരിക. കാരണം, ആ ഗവർമ്മെന്റുകളുടെ ആരംഭം വൈഷമ്യകരമായിരിക്കും. എന്നാൽ മുമ്പോട്ടുപോകുന്തോറും എല്ലാം നേരെ ആയിക്കൊള്ളും.

## സ്വന്തം ഭാഷ

— വള്ളത്തോൾ

എന്തുവിശേഷഭാഷാഭിജ്ഞനാകിലും
മർത്ത്യനു തൻഭാഷയൊന്നുകൊണ്ടേ
ശക്തിയുണ്ടായ് വരൂ, ശക്തിമത്താകിയ
ഹൃദ്വികാരങ്ങളെ വെളിപ്പെടുത്താൻ.
നേരോർത്താലിപ്പരഭാഷാവ്യവഹാരം,
ചോറുവിൽക്കുന്നിടത്തുണ്ണലത്രേ,
പെറ്റമ്മ സ്വഭാഷയിൽസ്സംസാരിക്കുന്നതാ-
ണ്, അമ്മ വിളമ്പിത്തരുന്ന ഭോജ്യം!
എന്മകനേതുവിദേശത്തുവാഴ്കിലും,
നിന്മനക്കാമ്പിലീയോർമ്മവേണം:
എന്നുടെ ഭാഷ താനെൻ തറവാട്ടമ്മ,
യന്യയാം ഭാഷ വിരുന്നുകാരി.

## ഒരു പടി ഉയരെ

### ലൂയിഫിഷർ

യുദ്ധാനന്തരം ഉളവാകുന്ന അന്തർദ്ദേശീയ രാഷ്ട്രതന്ത്രങ്ങളുടെ മുമ്പിൽ പണ്ഡിറ്റ് നെഹ്റു ഇന്ത്യയെ ഒരു പുതിയ ചട്ടക്കൂട്ടിനകത്തു സമർപ്പിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യം എന്ന പഴയ പ്രശ്നത്തിനു സാർവലൗകിക കാര്യങ്ങളിൽ ഉത്ഭവിച്ചിട്ടുള്ള പല പുതിയ ഘടകങ്ങൾമൂലം പുതിയ നിറം കൊടുക്കുവാൻ അദ്ദേഹം തയ്യാറായിട്ടുണ്ട്. പണ്ഡിതജിയുടെ ഈ ഉൽബുദ്ധത മി. ഗാന്ധിയുടെ പ്രസ്താവനയിലും തെളിഞ്ഞുകാണുമ്പോൾ മി. ചർച്ചിലാകട്ടെ ആംഗ്ലോ അമേരിക്കൻ ബന്ധത്തെ ഒന്നുകൂടി ദൃഢപ്പെടുത്തുവാനും തന്മൂലം ഇന്ത്യയെ ബ്രിട്ടീഷ് സാമ്രാജ്യത്തോടു ഒട്ടിച്ചുനിർത്തുവാനും പണിപ്പെടുകയാണ്. ചർച്ചിലിനെക്കാൾ ഒരുപടി ഉയരെയാണ് നെഹ്റുവും ഗാന്ധിയും നിൽക്കുന്നതെന്നുള്ളതിനു വേറെ തെളിവുവേണോ.

## ആറു ഏക്കർ ഭൂമിമാത്രം

### പി. സി. ജോഷി

ആറേക്കറിലധികം ഭൂമിയൊന്നും ഒരു ജന്മി കുടുംബത്തിനും ഉണ്ടാകാൻ പാടില്ല. അതുതന്നെ സ്വന്തമായോ ന്യായമായ പ്രതിഫലം കൊടുത്തു കൂലിക്കാരെ വച്ചോ കൃഷിചെയ്യണം. പാട്ടസമ്പ്രദായം മാറണം. ബാക്കി ഭൂമിയെല്ലാം കൃഷിക്കാർക്കു വീതിച്ചുകൊടുക്കണം. കോൺഗ്രസ്, ജന്മികൾക്കു പ്രതിഫലംകൊടുത്തു ജന്മിത്വം അവസാനിപ്പിക്കണമെന്നു പറയുന്നു. ഈ പ്രതിഫലം കൊടുക്കാൻ ജനകീയ മന്ത്രിസഭകൾക്കെവിടെനിന്നാണ് പണം? കുടിലുകളും പുകയിലയും മററും നികുതികൂട്ടിയിട്ടോ? അങ്ങനെ നാട്ടുകാരുടെ നിത്യോപയോഗ സാധനങ്ങളിന്മേൽ നികുതിചുമത്തി പണമുണ്ടാക്കി ജന്മിക്കു പ്രതിഫലം കൊടുത്ത് അവരെ തടിച്ച പണക്കാരാക്കുന്നതിനു ഞങ്ങൾ—കമ്മ്യൂണിസ്റ്റ് പാർട്ടി—എതിരാണ്.

ജന്മിമാർ ആറേക്കർവരെ സ്വന്തമായി കൃഷി ചെയ്തുകൊള്ളട്ടെ; മനുഷ്യരെപ്പോലെ ജീവിച്ചുകൊള്ളട്ടെ. ജന്മികൾക്കുതന്നെ ജന്മിത്വം നശിപ്പിക്കുന്നതാണ് നല്ലത്. കാരണം, അവരിന്നു ശവങ്ങളാണ്; വളർച്ചനിലച്ചവരാണ്. അന്യന്റെ അദ്ധ്വാനത്തിന്മേൽ ജീവിക്കുന്നവർ ഒരിക്കലും വളരുകയില്ല,

ജന്മിത്വം നിലനിറുത്തണമെന്നു തെളിച്ചു പറയുവാൻ ധൈര്യമില്ലാത്തതുകൊണ്ടാണ്, കോൺഗ്രസ്സുകാർ ഈ പ്രതിഫലത്തിന്റെ കാര്യം മുമ്പോട്ടുകൊണ്ടുവന്നിട്ടുള്ളത്.

---

ന്ന ഒരു ബന്ധം അതിനു് ഒന്നിനോടും ഇല്ല. വേർപാടിനെപ്പററി ഓർക്കപ്പെടുന്നതോടെ വർഷങ്ങൾ നീങ്ങുന്നു. ഞാൻ വെറുപ്പോടെ ചിന്തിച്ചു.

അവിടെ ആഹ്ലാദപൂർവം പറന്നുനടക്കുന്ന വിദ്യാർത്ഥികളോട് എനിക്ക് അനുകമ്പതോന്നി. അടുത്തവർഷം അവരും എന്നെപ്പോലെ അപരിചിതർ; ആത്മാർത്ഥത നിറഞ്ഞ ആ ബന്ധങ്ങൾക്ക് അർത്ഥമില്ല. ലോകത്തിൽ അങ്ങനെയൊന്നും ഇല്ല. എല്ലാം വ്യവസായപരമായ ചില ഏർപ്പാടുകൾ. ഒഴിഞ്ഞ സിഗററ്റ് പാക്കററ്പോലെ ആവശ്യം കഴിയുമ്പോൾ എല്ലാം വലിച്ചെറിയപ്പെടും. നന്ദിയും സ്മരണകളും പിന്നിൽനിന്നുള്ള ആക

ർഷണങ്ങളുമാണ്. ജീവിതം അവയെ എതിർത്തു കൊണ്ടുവരണം. ഞാൻ എൻെറ പരാജയം സമ്മതിച്ചുപോയി.

ആ നില അത്ര സുരക്ഷിതമായിരുന്നില്ല. കുട്ടികൾ എന്നെ പരിഹാസപൂർവം നോക്കി. വിയർപ്പണിഞ്ഞു ജീവിതക്ലേശങ്ങൾ ദ്യോതിപ്പിക്കുന്ന ഒരുമുഖം അവിടെ തികച്ചും അനാവശ്യമാണ്. ഓരോ കാരണങ്ങളുണ്ടാക്കി വിദ്യാർത്ഥിനികളുടെയിടയിൽ കടന്നിരുന്ന രസികന്മാർക്കും എൻെറ സാന്നിദ്ധ്യം സുഖപ്രദമായിരുന്നില്ല. ഞാൻ അവിടെനിന്നു ഇറങ്ങി കിഴക്കുവശത്തുള്ള കാററാടി മരത്തണലിലേക്കു നടന്നു.

ഞാൻ ആ മരത്തണലിൽ ഇരുന്നു. മണി രണ്ടായതേയുള്ളു. മീററിംഗ് തുടങ്ങാൻ അരമണിക്കൂർ കൂടിയെങ്കിലും കഴിയണം. "എന്തിനു വന്നു" ഞാൻ എന്നോടു തന്നെ ചോദിച്ചു. ഉത്തരം എളുപ്പമുള്ളതാണ്. പഴയകാലങ്ങളെ കെട്ടിപ്പുണരുവാൻ ശ്രമിക്കുമ്പോൾ ജീവിതം പരാജയപ്പെട്ടുവെന്നു മനസ്സിലാക്കാം. എങ്കിലും അതു സമ്മതിക്കുവാൻ എങ്ങനെ തോന്നും.

അല്പസമയം കഴിഞ്ഞു. ബ്ലൗസും ജാക്കററും ധരിച്ച കുറെ പെൺകുട്ടികൾ അങ്ങോട്ടു നടന്നുവന്നു. ഞാൻ അവരെ സൂക്ഷിച്ചുനോക്കി മിക്കവരും [illegible] ബാലികമാരാണ്. ആർക്കും പതിനാലുവയസ്സിലധികമില്ല. മുതിർന്നവരുടെ കണ്ണുകൾ ലജ്ജ അഭ്യസിച്ചിട്ടുണ്ട്. ആ മാർവിടങ്ങൾ യൗവനത്തിൻെറ മുന്നറിയിപ്പ് നൽകുന്നു. ഒന്നു കണ്ണുചിമ്മുന്ന സമയംകൊണ്ട് അവർ യുവതികളാകും. പത്തുവർഷംകൊണ്ട് പുരുഷൻ മനസ്സിലാക്കുന്നതിലധികം പത്തുനിമിഷംകൊണ്ട് അവർ പഠിച്ചുകൊള്ളും. പിന്നെ ആ കണ്ണുകളുടെ ഓരോ ചലനവും മുയൽവേട്ടക്കാരൻെറ ടോർച്ച്ലൈററുപോലെ ഇരയെ അന്വേഷിച്ചുള്ളതാവും. കഷ്ടം! അവരെല്ലാം എന്നും ഇങ്ങനെ കുട്ടികളായിരുന്നെങ്കിൽ!

അവർ എൻെറ സമീപം മറെറാരു വൃക്ഷത്തിൻെറ ചുവട്ടിൽ വട്ടമിട്ടിരുന്നു. ഒരാൾ മീററിംഗിൽ ചൊല്ലുവാനുള്ള പദ്യഭാഗം കാണാതെ ഉരുവിടുവാൻ തുടങ്ങി. മറെറാരു ബാലിക തൻെറ അഭിനയഗാനം അവിടെ പ്രദർശിപ്പിക്കേണ്ടവിധം റിഹേഴ്സൽ നടത്തി. അങ്ങനെ അവർ അവിടെ ഓരോന്നു ചെയ്തുകൊണ്ടും അവസാനമില്ലാതെ സംസാരിച്ചുകൊണ്ടുമിരുന്നു.

എല്ലാവരും എന്നെ കൂടെക്കൂടെ നോക്കി. അല്പസമയം കഴിഞ്ഞപ്പോൾ ഒരുത്തി കുറച്ചുറക്കെ പറഞ്ഞു.

"ഇതു് ഏററുപോണില്ലല്ലോടി. നാണമില്ലല്ലേ ഇവിടിങ്ങനെ പെൺകുട്ടികളുടെ കൂട്ടത്തിലിരിക്കാൻ"

അതു ഞാൻ കേൾക്കുവാൻ പറഞ്ഞതായിരുന്നു. മറെറാരുവൾ മറുപടി പറഞ്ഞു.

"അതിനു നാണമില്ലെടി. പിന്നെ ഈ മുഴുത്ത ആണുങ്ങളുടെ മുമ്പിൽ എങ്ങനെക്കൊണ്ടു പാറുവേല. ഇതു് ഏററുപോയില്ല ഞാൻ എന്റേതു പഠിക്കുന്നില്ല"

"എടി എന്നാൽ പിന്നെ നീയെങ്ങനെയാ പള്ളിക്കൂടത്തിൽ കളിക്കുന്നേ"

"അതു അതു മീററിംഗിനല്ലേ? അതുപോലെയാ ഇതു്. നോക്കു, നമ്മളെ തന്നെയാ എറിഞ്ഞിട്ടു നോക്കുന്നേ. ഇങ്ങേര് നാണ..."

ആ കുട്ടിക്കു് അതു പൂർത്തിയാക്കേണ്ടിവന്നില്ല. ഞാൻ എഴുന്നേററു വരാന്തയിലേക്കു നടന്നു.

എനിക്കു് എതിരെ ഒരു മദ്ധ്യവയസ്കൻ നടന്നുവരുന്നു. പരിചയമുള്ള മുഖം. പഴയ കൃഷ്ണപിള്ളനായരാണ്. അന്നത്തെ ഉത്സാഹവും പ്രസരിപ്പും എല്ലാം പൊയ്പ്പോയി. കഷണ്ടിയുടെ ആക്രമണം നെററിയുടെ വിസ്താരം വർദ്ധിപ്പിച്ചു. മുഖംശോഷിച്ച് ചുളികൾ അണിഞ്ഞു.

"ആര്? മി...നായരോ? എപ്പോൾ വന്നു"

അദ്ദേഹം എന്നെ തിരിച്ചറിഞ്ഞു. ആവൂ. എനിക്കു് ആശ്വാസം തോന്നി.

"ഞാൻ ഇപ്പോൾ വന്നതേയുള്ളു. സാറിനു് സുഖമല്ലേ?"

"ഓ! ഒരു വിധം. മി. നായർ വല്ലാതെ ക്ഷീണിച്ചുപോയല്ലോ. എന്താണു പണി? എവിടെയാണിപ്പോൾ?"

"പല സ്ഥലങ്ങളിൽ അലഞ്ഞു, പലതും ചെയ്തു. കുറെ കാലമായി നാട്ടിലാണ്"

ഞങ്ങൾ പിന്നെ പണ്ടത്തെ വിദ്യാർത്ഥികളെക്കുറിച്ച് സംസാരിച്ചു. അദ്ദേഹത്തിനു് വളരെപ്പേരെപ്പററി അറിയാമായിരുന്നു. സഹശിഷ്യന്മാരെപ്പററി അന്വേഷിക്കുന്നതിൽ അദ്ദേഹത്തിനു് വലിയ കൗതുകമുണ്ട്. വളരെയെല്ലാം എനിക്കു ഗ്രഹിക്കുവാൻ കഴിഞ്ഞു. ലിററററി അസോസ്യേഷനിൽ നന്നായി പ്രസംഗിച്ചിരുന്ന ഒരു മേനോൻ രാഷ്ട്രീയതടവുകാരനായി ജയിലിലാണ്. നല്ല ഒരു ഫുട്ബോൾ പ്ലെയറായിരുന്ന മി. ജോൺസൺ പട്ടാളത്തിൽ ചേർന്നു് ബർമ്മയിൽവച്ചു മരിച്ചു. വലിയ വഴക്കാളി എന്നനിലയിൽ സ്കൂളിൽനിന്നും ഡിസ്മിസ് ചെയ്ത മി. പണിക്കർ ഇപ്പോൾ നല്ലനിലയിലുള്ള ഒരു ബിസിനസ്സ്മാനാണ്. അങ്ങനെ പലതും.

കാലുറയും ജുബ്ബായും ധരിച്ച ഒരു കൊച്ചുവിദ്യാർത്ഥി അദ്ദേഹത്തിന്റെ വാതില്പടിയിൽ വന്നുനിന്നു. കൃഷ്ണപിള്ളസാർ ആ കുട്ടിയെ ചൂണ്ടിക്കാണിച്ചുകൊണ്ടുപറഞ്ഞു.

"അതാ അയാൾ പണിക്കരുടെ മകനാണ്. പണിക്കരെക്കാൾ കുസൃതി, പ്രിപ്പാറം റിക്ലാസ്സിലാണ്. അപ്പോൾ മി. നായർ വിവാഹമൊന്നും കഴിച്ചില്ലെ?"

"ഇല്ല സാർ. എനിക്കു വളരെ ക്ലേശങ്ങളുണ്ട്. ഒന്നിലും ഉറച്ചുനിൽക്കുവാനോ ഒരിടത്തു സ്ഥിരമായി കഴിയുവാനോ ഇതുവരെ സാധിച്ചിട്ടില്ല."

ഞാൻ കുറെ സമയം ആ ബാലനെ നോക്കിക്കൊണ്ട് ചിന്താമഗ്നനായി നിന്നുപോയി. ആ അകലത്തിലുള്ള പല്ലുകളും നീണ്ട മുഖവും എല്ലാം പണിക്കരുടേതുതന്നെ.

"പണിക്കർക്ക് സസ്പെൻഡു ചെയ്യുതിലുള്ള വിരോധം ഇതുവരെ തീർന്നിട്ടില്ല. കുട്ടിയെ ഇവിടെ അയയ്ക്കുകയില്ലെന്നു നിർബന്ധമായിരുന്നു. ഒടുവിൽ ഞാൻ പറഞ്ഞാണ് സമ്മതിപ്പിച്ചത്."

എന്തോ ആവശ്യത്തിന് ഹെഡ്മാസ്റ്റർ അദ്ദേഹത്തെ തിരക്കി. കൃഷ്ണപിള്ളസാർ ആഫീസുമുറിയിലേക്കു പോയി. ഞാൻ വീണ്ടും അവിടെത്തന്നെ നിന്നു.

അദ്ധ്യാപകന്റെ ജീവിതം! അതൊരു ശോകകഥയാണ്. വിദ്യാർത്ഥികൾ പരീക്ഷകൾ ജയിച്ചു മുമ്പോട്ടുപോകുന്നു. അങ്ങനെ അവർക്ക് ഒരു ലക്ഷ്യവും അഭിവൃദ്ധിക്കുള്ള പ്രതീക്ഷയുമുണ്ട്. അദ്ധ്യാപകൻ എന്നും ഒരേ സ്ഥാനത്തുനിൽക്കുകയാണ്. മാസങ്ങൾക്കും വർഷങ്ങൾക്കും അയാൾക്ക് പുതുതായി ഒന്നും സംഭാവന ചെയ്യുവാനില്ല. കൂടുതൽ നല്ലതായി ഒന്നിനെപ്പറ്റിയും അയാൾക്കു പ്രതീക്ഷിക്കുവാനില്ല. ഒരേനമ്പർ കാണിച്ചുകൊണ്ട് അയാൾ മൈൽക്കുറ്റിപോലെ നിൽക്കുന്നു. ആ ജീവിതം മഞ്ഞുകട്ടപോലെ ഉറഞ്ഞതും മണലാരണ്യംപോലെ ശൂന്യവുമാണ്. പാവം! കൃഷ്ണപിള്ളസാർ.

ഹാളിൽ ആളുകൾ നിറഞ്ഞുതുടങ്ങി. ഞാൻ അകത്തുകയറി ഒരിടത്തിരുന്നു. അടുത്തിരുന്നയാൾ എന്റെ മുഖത്തുനോക്കി ഒന്നു മന്ദഹസിച്ചു. അയാൾ എന്റെ ഒരു സ്ക്കൂൾമേറ്റാണ്. പേർ ശരിയായി ഓർമ്മയില്ല. താഴ്ന്ന ക്ലാസ്സിൽ അല്പധാനിയായി കഴിഞ്ഞ ഒരാളെന്നേ എനിക്ക് ഓർമ്മയുള്ളു. സിൽക്കുഷേർട്ടും സ്വർണ്ണവാച്ചും കണ്ണടയും എല്ലാം ഉണ്ട്. ചൂടും ശബ്ദവും എല്ലാമായി ആ അന്തരീക്ഷത്തിന്റെ അസുഖം ദ്യോതിപ്പിക്കുന്ന മട്ട് മുഖം ചുളിച്ചുകൊണ്ട് അയാൾ പറഞ്ഞു.

"ഹോ! എന്തൊരു വിഷമം. കത്തുകിട്ടിയപ്പോൾ വരാൻകഴികയില്ലെന്നു വിചാരിച്ചു. ഹെഡ്മാസ്റ്റർസാർ ഒന്നു സമ്മതിക്കേണ്ടേ? റിസർവേഡ് ടിക്കറ്റാണ് കൊണ്ടുവന്ന് ഏല്പിച്ചത്. ഇനി നാടകംകൂടെ കഴിയാതെ വിടുമോ? നാശമായി"

അവിടെ കുശുകുശുപ്പുകളുണ്ട്. പലരെയും ക്ഷണിക്കാറുമുണ്ട്. ഞാൻ? ഞാനാരാണ് ക്ഷണിക്കപ്പെടുവാൻ. ആ അന്തരീക്ഷത്തെക്കാൾ എന്റെ ഹൃദയം ചൂടുള്ളതായിരുന്നു

«ഓ അതിനെന്താ? നമ്മുടെ പഴയ വിദ്യാലയമല്ലേ? സ്നേഹിതന്മാരെയെല്ലാംകണ്ട് ഒരു ദിവസം ഇങ്ങു കൂടണം»

"തൊഴിലില്ലെങ്കിൽ ഇതൊക്കെ കൊള്ളാം മിസ്റ്റർ. കടയിൽ ശമ്പളക്കാർ നാലുണ്ട്. ഒരു നാഴിക നേരം തെറ്റിയാൽ അതിനുള്ള കുഴപ്പം വരും. പോരാത്തതിനു റേഷൻകാലവുമല്ലേ? വല്ലവരും പെട്ടെന്നു വന്നുകയറിയാൽ! ഇന്നത്തികളെ വെല്ലുവന്നോണം. വല്ലതും കിട്ടണമെങ്കിൽ അതു നോക്കണം. ടിക്കറ്റിന് അഞ്ചുരൂപയെ ഉള്ളൂ. നാടകം കാണാൻ നിന്നാൽ പോകുന്നത് ആയിരമാ"

അയാൾ അങ്ങനെ തുടർന്നുപോയി. ഇടയിൽ എന്റെ കുശലം അന്വേഷിക്കാനും വിട്ടുപോയില്ല. ഞാൻ എന്റെ കഥ പറഞ്ഞു. അയാൾ അനുകമ്പയോടെ എനിക്കു പല ഉപദേശങ്ങളും നൽകി.

"നാലുകാശുണ്ടാക്കാൻ പറ്റിയ സമയം ഇതാണ്. ഈ പ്രായത്തിൽ എന്തെങ്കിലും സമ്പാദിച്ചില്ലെങ്കിൽ പിന്നെ എന്നാണ് സാധിക്കുക. വല്ലതും രണ്ടുമൂന്നുലക്ഷത്തിനു വകയുണ്ടായാൽ പിന്നെ സഞ്ചാരമോ വിനോദമോ എന്തുമാകാം. അല്ല, അധികംപേരും ഇതുതന്നെ»

ഞാൻ ഒന്നു തുപ്പുന്നതിനെന്നമട്ടിൽ പുറത്തിറങ്ങി ആ ഗർവിന്റെ സമീപത്തുനിന്നും രക്ഷപെട്ട് ഒഴിഞ്ഞുകിടന്ന ഒരു ബെഞ്ചിന്റെ മൂലയിൽ പോയിരുന്നു. ചന്ദനത്തിരിയുടെ സൗരഭ്യം വഹിച്ചുകൊണ്ട് ഉഷ്മളമായ കാറ്റ് തോരണങ്ങളെ കിക്കിളിയിട്ടുകൊണ്ട് ഓടിനടന്നു. ആ കിലുകിലാരവം സമ്മേളനഹാളിന്റെ ഗാംഭീര്യം വർദ്ധിപ്പിച്ചു.

അദ്ധ്യക്ഷൻ ഹാളിലേക്കു പ്രവേശിച്ചു. തിങ്ങിയസദസ്സ് എഴുന്നേറ്റുനിന്ന് അദ്ദേഹത്തെ അഭിവാദ്യംചെയ്തു. മീറ്റിംഗു ചടങ്ങുകളാരംഭിച്ചു.

ഞാൻ വീണ്ടും ചിന്തകളിൽ മുഴുകി. ഞങ്ങ

ൾ ഇരിക്കുന്ന സ്ഥലം. അവിടെയായിരുന്നു പഴയ ഫോർത്ത്ഫോം. ആ കൊല്ലത്തെ വാർഷികം അതിൽ സംബന്ധിച്ചവരിൽ ആരും മറന്നിരിക്കയില്ല. എന്താഡംബരപൂർവമാണ് അതു നടത്തിയതു്. അന്നു് സമാജത്തിന്റെ സെക്രട്ടറി ഞാനായിരുന്നു. രാത്രിയിലെ ഡ്രാമയിൽ നായകനായി ഞാൻ അഭിനയിച്ചു. എത്ര സ്തോഭപൂർവമായ രംഗങ്ങൾ. സദസ്സിനെ എന്റെ ഹിതത്തിനൊത്തു കരയിക്കയും ചിരിപ്പിക്കയും ചെയ്തു. ആ സമയമത്രയും അവരുടെ ഹൃദയം തികച്ചും എനിക്കു വിധേയമായിരുന്നു. നാടകത്തിന്റെ അന്ത്യത്തിലെ പ്രശംസകളും സമ്മാനങ്ങളും. ഹോ! ഞാൻ എങ്ങനെ അതൊക്കെ മറന്നുപോയി.

ആ സ്മരണ അവിടെ നില്ക്കുന്നില്ല. രമണീയമായ ഒരു കഥ അവിടെ തുടങ്ങുന്നു. അന്നത്തെ എന്റെ അഭിനയം ഒരു പെൺകുട്ടിയുമായി എന്നെ അദൃശ്യമായി ബന്ധിപ്പിച്ചു.

മറിയാമ്മ അന്നു തേർഡ് ഫോമിലാണ്. പതിനാലുവയസ്സിലധികമില്ല. അഴകും ആരോഗ്യവുമുള്ള ഒരു ബാലിക. അവളുടെ കണ്ണുകൾക്കു സ്വപ്നത്തിന്റെ വശ്യതയുണ്ടായിരുന്നു. പലതും അറിഞ്ഞുതുടങ്ങുന്ന കാലം. അതു് ഒരു സ്ത്രീയുടെ ജീവിതത്തിൽ വളരെ പ്രാധാന്യമുള്ളതാണു്. വിസ്മരിക്കാൻ കഴിയാത്തതും വിസ്മരിക്കാൻ നിർബന്ധിതവുമായ പലതും അന്നു സംഭവിക്കുന്നു. മാംസത്തിന്റെ മണം അത്രപ്രത്യക്ഷമാകാത്ത ആ സ്നേഹവും സ്വപ്നവും ഹൃദയഹാരിയാണു്. അങ്ങനെ ആ വാർഷികദിനം മുതൽ മറിയാമ്മയുടെ കിനാവുകളിൽ ഒരു പുരുഷൻ കടന്നുചെന്നു. ഞങ്ങൾ പരസ്പരം ആകർഷിക്കപ്പെട്ടു. നല്ല നടനും വാചാലനുമായ കൊച്ചുയുവാവു്—സുന്ദരിയും കലാലോലയുമായ ഒരു പെൺകുട്ടി. അതിലധികമൊന്നും ഞങ്ങൾക്കു വേണ്ടായിരുന്നു.

സ്നേഹത്തിനുവേണ്ടി എന്താണു ചെയ്യേണ്ടതെന്നു് ഞങ്ങൾക്കറിഞ്ഞുകൂടായിരുന്നു. എങ്കിലും ഞങ്ങൾ സ്നേഹിച്ചു. ഫോർത്തിൽ പഠിച്ചിരുന്ന മീനാക്ഷി മറിയാമ്മയുടെ വലിയ കൂട്ടുകാരിയായിരുന്നു. ഉച്ചയ്ക്കു് സ്കൂൾ വിട്ടാൽ പെട്ടെന്നു ഊണുകഴിച്ചു് അവൾ ഞങ്ങളുടെ ക്ലാസ്സിൽ ഓടിയെത്തും—മീനാക്ഷിയുമായി സംസാരിക്കാനെന്ന മട്ടിൽ. ക്ലാസ്സിൽ അധികമാരും ഉണ്ടാവില്ല. ഞാൻ അവളെ കാത്തു് ഇരിക്കും. ആ ചിന്നിയിട്ടിരിക്കുന്ന മുടിയിലും തുടുത്ത കവിൾത്തടത്തിലും ഞാൻ അങ്ങനെ ഇമ വെട്ടാതെ നോക്കിയിരിക്കും. മീനാക്ഷിയെ കാണാതെ അവൾ ഒരു തൂവാലയോ ചിത്രമോ എനിക്കു സമ്മാനിക്കും. ചിലപ്പോൾ ഒരു ചെമ്പകപ്പൂവു് ആയിരിക്കും. അല്ലെങ്കിൽ ഇലഞ്ഞിമാല. സ്നേഹത്തിന്റെ പരിമളംകലർന്ന അവയെല്ലാം ഞാൻ അഭിമാനപൂർവ്വം സൂക്ഷിച്ചു.

മറിയാമ്മയും ഞാനും സ്കൂളിൽ വളരെനേരത്തെ വരും. ഗെയിംസ് കഴിഞ്ഞ് വളരെ താമസിച്ചേ പോവുകയുള്ളു. താല്പര്യമില്ലെങ്കിലും അവൾ ബാഡ്മിന്റൻ കളിച്ചുതുടങ്ങി. ഒളിഞ്ഞും മറഞ്ഞുംനിന്നു് ഞങ്ങൾ വളരെയൊക്കെ സംസാരിക്കും. ഞാൻ അവൾക്കു് നല്ല നോവലുകൾ വായിക്കാൻ കൊടുക്കും. അവളെപ്പറ്റി ഞാൻ അന്നു പല കവിതകളുമെഴുതി. അതെല്ലാം മറിയാമ്മ കാണാപ്പാഠമാക്കിയിരുന്നു.

ആ ബന്ധം തകർന്ന നിമിഷം ഞാൻ ഓർമ്മിക്കുന്നു. വൈകുന്നേരം സ്കൂൾവിട്ടു് വളരെക്കഴിഞ്ഞു. തേഡ്ഫോം കിഴക്കേവിങ്ങിൽ വടക്കേ അറ്റത്താണു്. ക്ലാസ്സ്കഴിഞ്ഞാൽ സാധാരണ അവിടെ ആരും വരികയില്ല. ഞങ്ങൾ അവിടെക്കൂടി. ഞാൻ മറിയാമ്മയ്ക്കുവേണ്ടി തയ്യാറാക്കിയിരുന്ന ലഘുപ്രസംഗം അവളെ വായിച്ചുകേൾപ്പിച്ചു. അവൾ അതിൽ ചില ഭേദഗതികളാവശ്യപ്പെട്ടു. അതു് ആണുങ്ങളുടെ ഭാഷപോലെയിരിക്കുന്നു. സംസ്കൃതം അധികമാണു്. എന്തെല്ലാം. ഞാൻ അവളുടെ ഹിതത്തിനൊത്ത മാറ്റങ്ങൾ വരുത്തി.

മറിയാമ്മ ആ കടലാസ് വാങ്ങി. ഡസ്കിൽനിന്നു പുസ്തകമെടുത്തു് തോളിൽവച്ചുകൊണ്ടു് അവൾ എന്നെനോക്കി ഒരു മിലിട്ടറിസലാംവച്ചു പോകുവാൻഭാവിച്ചു. മന്ദസ്മിതം വിടർന്നുതുടങ്ങിയ ആ കവിൾത്തടത്തിൽ ഒന്നു പിച്ചിയിട്ടു് ഞാൻ അവളെ എന്റെ അരികിലേക്കു് അടുപ്പിച്ചു. ഒരു പുതിയ ആശ......ആ കവിൾത്തടത്തിലേയ്ക്കു് എന്റെ അധരങ്ങൾ അടുത്തു......മറിയാമ്മ കുതറി തിരിഞ്ഞുമാറി. അവളുടെ പിന്നിയിട്ട നീണ്ട കേശഭാരം ഒരു ചാട്ടവാറെന്നപോലെ എന്റെപുറത്തു് സുഖസ്പർശമായി ഒന്നു ചുറ്റിയഴിഞ്ഞു.

പ്യൂൺ കേശവപിള്ള! ഞങ്ങൾ സ്തംഭിച്ചുപോയി. അർത്ഥഗർഭമായി ഒന്നു സൂക്ഷിച്ചുനോക്കിയശേഷം ഭിത്തിയിൽകിടന്ന മാപ്പ് എടുത്തുകൊണ്ടു് അയാൾ പുറത്തേക്കുപോയി. ഭയചകിതരായി ഞങ്ങളും.

അടുത്തദിവസം ഹെഡ്മാസ്റ്റർ കേസ് വിസ്തരിച്ചു. ചുട്ട ആറടിവീതം രണ്ടാൾക്കുംകിട്ടി. മദ്ധ്യവേനലൊഴിവിനു് സ്കൂൾ പൂട്ടാറായിരുന്നതുകൊണ്ടു് ഞങ്ങൾക്കു് പിന്നീട് അധികം ആക്ഷേപം സഹിക്കേണ്ടതായിവന്നില്ല.

അതിനുശേഷം ഞങ്ങൾ സംസാരിച്ചിട്ടില്ല. തമ്മിൽ നോക്കിയാൽപോലും കൂട്ടുകാർ സംശയിക്കും. അടുത്ത സ്കൂൾവർഷത്തോടെ ആ ബന്ധം

അങ്ങനെ തേന്മൊഴിഞ്ഞവസാനിച്ചു. എങ്കിലും ഹൃദയത്തിന്റെ അഗാധതയിൽ അതിന്റെ ചില സ്മരണകൾ മായാതെ കിടന്നിരുന്നു.

അടുത്തവർഷം തോററുപോകയാൽ അവൾ മറെറാരു സ്കൂളിലേക്ക സർട്ടിഫിക്കററുവാങ്ങിപ്പോയി.

സ്കൂൾ വിട്ടതിനുശേഷം മീനാക്ഷിയെ ഞാൻ കണ്ടിട്ടില്ല. രണ്ടുവർഷം മുമ്പ് ഒരുത്സവസ്ഥലത്തുവച്ച് മീനാക്ഷിയെക്കണ്ടു. തനി നാടനായ അവളുടെ ഭർത്താവും ചെററിപിടിച്ച മൂന്നു കുട്ടികളും. അവൾ വളരെ മാറിപ്പോയിരുന്നു. ഞങ്ങൾ പരസ്പരം അറിഞ്ഞെങ്കിലും ഒന്നും സംസാരിച്ചില്ല. ആ ഭർത്താവിന് എന്തിന് അനാവശ്യ സംശയങ്ങൾ ഉണ്ടാകുന്നു

ഈശ്വരപ്രാർത്ഥനയും സ്വാഗതപ്രസംഗവും കഴിഞ്ഞു. എല്ലാം പതിവുപോലെ. ഞാൻ ചിന്തകളിൽ മുഴുകി ഞെങ്ങിയിരുന്നു. അദ്ധ്യക്ഷൻ ഔപചാരികമായി തന്റെ ഉപക്രമപ്രസംഗവും നിർവഹിച്ചു. സെക്രട്ടറി വായിച്ച സുദീർഘമായ റിപ്പോർട്ടിൽ അന്നത്തെ പ്രാസംഗികയെപ്പററി വളരെയെല്ലാം പറഞ്ഞിരുന്നു.

ആ വിദ്യാലയം അവരെപ്പററി അഭിമാനംകൊണ്ടു.

ഡാൻസ്, സംഗീതം, ഹസ്തഘോഷം അങ്ങനെ സമയം മുമ്പോട്ടുപോയി. ഹാളിൽ ഒരു നിശ്ശബ്ദതയും ഉൽക്കണ്ഠയും ദൃശ്യമായി. ഞാൻ ഉണർന്നു ശ്രദ്ധിച്ചു.

"മിസ് മേരിജോസഫ്" ആളുകൾ പരസ്പരം മന്ത്രിച്ചു. നീലക്കസവുസാരിയും പിന്നിൽ സമൃദ്ധം ചുററിവച്ച സമൃദ്ധമായ കേശഭാരവും. ആ യുവതി പ്ളാററുഫോറത്തിലേക്ക കയറുകയാണ്. അവൾ മേശയുടെ പിന്നിൽനിന്ന് സദസ്സിനെ നോക്കി ലജ്ജാപൂർവ്വം ഒന്നു മന്ദഹസിച്ചു. ഒരു ഇലക്ട്രിക് ഷോക്ക് കിട്ടിയതുപോലെ ഞാൻ ഒന്നു ഞെട്ടി. മേറിയാമ്മ!

നീററലും പുകച്ചിലുംകൊണ്ട് എനിക്ക് അവിടെ ഇരിക്കാൻ വയ്യാതായി. എന്തിന്. എന്തിന്. അവൾ അങ്ങനെ ഉയർന്നതിൽ എനിക്ക അസൂയയോ?

അവൾ നേർത്ത സ്വരത്തിൽ ആകർഷകമായി സംസാരിച്ചു. വെൺമയേറിയ പല്ലുകളിൽ അധരങ്ങളുരുമ്മുമ്പോൾ അവിടെ അഭ്രശകലങ്ങൾ മിന്നുന്നതായിത്തോന്നും. സദസ്സ് ആ അഴകിന്റെ കുളിർമയിൽ ലയിച്ചിരിക്കയാണ്.

ഞാൻ ഒന്നു ശിരസ്സുയർത്തി നിവർന്നിരുന്നു. അവൾ എന്നെ കാണണം. വികാരവൈവശ്യത്താൽ അവൾ തളരണം. അങ്ങനെ ആ പ്രസംഗം അവൾ പെട്ടെന്നു നിറുത്തും. ആളുകളെല്ലാം അവളെ വെറുത്തെങ്കിൽ! ഞാൻ ഒന്നു കൃത്രിമമായി ചുമച്ചു.

ആ കടാക്ഷങ്ങൾ എന്നെ ഉരുമ്മിയുരുമ്മി കടന്നു. അവളിൽ ഒരു മാററവും കണ്ടില്ല. ഞാൻ ശ്രദ്ധയോടെ നോക്കി. എന്നെ അറിഞ്ഞില്ലെങ്കിലൊ

ഇല്ല; അങ്ങനെ വരികയില്ല. ഒരു സ്ത്രീക്ക് അതു കഴികയില്ല. അവൾക്ക് ആദ്യത്തെ പ്രസംഗം എഴുതിക്കൊടുത്തതു ഞാനാണ് (ആ കണ്ണുകൾ വീണ്ടും എന്റെ മുഖത്തുകൂടി ഇഴഞ്ഞു) ആ മുഖത്ത് ഭാവഭേദമില്ല. അല്ലെങ്കിൽ എന്തിനു ലജ്ജിക്കണം. അതെല്ലാം വെറും ബാലലീലകൾ. എങ്കിലും അതിൽ സ്മരണീയമായി പലതും ഇല്ലേ? അവൾ നന്ദിയുള്ളവളാണ്. അവൾ എന്നെപ്പററി പറഞ്ഞേക്കും. പ്രസംഗവേദിയിലെ അവളുടെ ആദ്യത്തെ ഗുരുവിനെ ഹൃദയപൂർവ്വം വാഴ്ത്തിയേക്കും. അവൾ അതിനു സന്ദർഭമുണ്ടാക്കാൻ ശ്രമിക്കുന്നതായിത്തോന്നി.

ആ വിദ്യാലയത്തെ അവൾ പ്രശംസിച്ചു. അദ്ധ്യാപകന്മാരുടെ സ്നേഹവാത്സല്യങ്ങളെ അവൾ പുകഴ്ത്തി. പഴയകാലങ്ങളെ അനുസ്മരിച്ചു. എല്ലാം സാങ്കല്പിക കഥകൾ, അയ്യോ! അവൾക്കു ഹൃദയമില്ലേ?

ഒരു ഹസ്തഘോഷം. പ്രസംഗം അവസാനിച്ചു. സദസ്യരുടെ മുഖത്ത് ഒരു വല്ലായ്മ നിഴലിച്ചു. അവൾ സ്വസ്ഥാനത്തേക്ക മടങ്ങി.

ഞാൻ വിയർപ്പിൽ മുഴുകിയിരുന്നു. ഭാഗ്യം, ആളുകൾ എന്നെ ശ്രദ്ധിക്കുന്നില്ല. വീണ്ടും അവിടെ ഇരിക്കുവാൻ കഴിയാതെ ഞാൻ പുറത്തിറങ്ങി വരാന്തയിൽ അങ്ങുമിങ്ങും നടന്നു.

മടങ്ങിപ്പോകുവാൻ എനിക്ക കഴിഞ്ഞില്ല. അവളെ ഒന്നുകൂടി കാണണം. അടുത്തുചെന്ന് ഓർപ്പിക്കുവാൻ ശ്രമിക്കണം. അവൾ മറന്നിരിക്കയില്ല. എന്നെ കണ്ടാൽ അറിയാത്തവിധം ഞാൻ മോശപ്പെട്ടുപോയെങ്കിൽ അതു് അവളുടെ കുററമാണോ?

ഞാൻ ഉൽക്കണ്ഠയോടെ നിമിഷങ്ങൾ തള്ളിവിട്ടു. മീററിംഗ് അവസാനിച്ചപ്പോൾ ഞാൻ തളർന്നുപോയി. അവൾ പുറത്തേക്കിറങ്ങും. ഇപ്പോൾ, ഇപ്പോൾ. ഞാൻ ശ്വാസമടക്കി കാത്തുനിന്നു.

അദ്ധ്യക്ഷനെ തുടർന്ന് പുരുഷന്മാരുടെ ഒരു പ്രവാഹം പുറത്തേക്കുണ്ടായി. ഞാൻ കാത്തുനിന്നു. അവൾവരും ഉടനെ, ഉടനെ.

വീണ്ടും വാതിൽ തിങ്ങി ആളുകൾ വരാന്തയിലേക്കുവന്നു ആ ചുഴിക്കുമദ്ധ്യത്തിൽ അവൾ ഉണ്ട്. ആ സൗന്ദര്യത്തെ ചുററി പുരുഷാരവം.

ഞാൻ ഒന്നു തള്ളി അതിനകത്തേക്ക കടന്നു. അവളുടെ കാൽച്ചുവട്ടിൽ. ആ പ്രസംഗത്തെ പ്രശം

# സാഹിത്യകാരന്റെ പുനർജ്ജന്മം

(പി. എൻ. കേശവൻ ബി. എ., ബി. എൽ.,)

ചരിത്രകാരന്മാർ കാലനിർണ്ണയം ചെയ്യുന്നതിനു വളരെ മുമ്പാണു് ഞാൻ ആദ്യം ജനിച്ചതു്. ജനിച്ചതും സഞ്ചരിച്ചതുമായ സ്ഥലങ്ങളെപ്പററിയുള്ള പ്രാദേശികമായ അറിവല്ലാതെ ഭൂഖണ്ഡങ്ങളുടെ വിസ്തൃതിയെപ്പററിയോ വ്യത്യാസങ്ങളെപ്പററിയോ യാതൊരു പരിജ്ഞാനവും ഉണ്ടായിരുന്നില്ല. ജാതിയും മതവുമായി മനുഷ്യർ വേർതിരിഞ്ഞിരുന്നില്ല. വിശപ്പും ദാഹവുമെല്ലാം അന്നും ഉണ്ടായിരുന്നു. വിഭവങ്ങൾ സമൃദ്ധിയായിരുന്നു. മഴപെയ്യുകയും കാററുവീശുകയും സൂര്യചന്ദ്രന്മാർ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തുകൊണ്ടിരുന്നു. എല്ലാം മനുഷ്യനുവേണ്ടി ആരോ ഉണ്ടാക്കിയതാണെന്നു കരുതി അത്ഭുതപ്പെട്ടു. സൃഷ്ടികർത്താവിനെപ്പററി ചില ഊഹാപോഹങ്ങളെല്ലാം ഉണ്ടായിരുന്നു. പ്രകൃതിയുടെ സ്വഭാവനിർണ്ണയം ചെയ്തല്ലാതെ കാര്യകാരണങ്ങളെ അടിസ്ഥാനമാക്കിയുള്ള അന്വേഷണം ആരംഭിച്ചിരുന്നില്ല.

ജീവിതം കാമ്യമായിരുന്നു. സുഖസമൃദ്ധമായിരുന്നു. പക്ഷേ ഭയങ്കരമായ ഒന്നുണ്ടായിരുന്നു. മരണം. മരിച്ചുപോയ ആളിനെപ്പററി പിന്നീടു് ആരും ഒന്നും അറിഞ്ഞിരുന്നില്ല. എങ്കിലും അങ്ങനെ ഒരു അവസാനം അസഹ്യമായിത്തന്നെ തോന്നിയിരുന്നു. അതുകൊണ്ടു് ആ കാര്യത്തെപ്പററി ആലോചന തുടങ്ങിയിരുന്നു. അവസാനമായി കണ്ടുപിടിച്ചു. ഇല്ല. മരിക്കുന്നില്ല. ജഡം മാത്രമേ നശിക്കുന്നുള്ളു. ആത്മാവു് ജീവിക്കുന്നു. എവിടെ? പരലോകത്തു്. സ്വർഗ്ഗത്തിൽ.

അങ്ങനെ ആത്മാവും ശരീരവും തമ്മിൽ വേർപാടുണ്ടായി. ജീവിതം സുഖസമ്പൂർണ്ണമാണെന്നു കണ്ട ആദിമ മനുഷ്യന്റെ അന്വേഷണഫലമായി മരണാനന്തര ജീവിതത്തിനുവേണ്ടി കണ്ടുപിടിക്കപ്പെട്ടതാണു് സ്വർഗ്ഗസാമ്രാജ്യം.

ശരീരം അനിത്യവും ആത്മാവു ശാശ്വതവുമായിരുന്നു. ശാശ്വതമായ ജീവിതശക്തി ആത്മാവിനുമാത്രം. ഞാൻ സ്വർഗ്ഗസാമ്രാജ്യത്തെപ്പററി കവിതയെഴുതി. അവിടെ അമരജീവിതമുണ്ടു്. കാമധേനുവും കല്പവൃക്ഷവുമുണ്ടു്. നശിക്കാത്ത ശാശ്വതമായവ.

x x x

ഞാനും മരിച്ചു. വീണ്ടും ജനിച്ചു. ഇടയ്ക്കു് എവിടെയെല്ലാം സഞ്ചരിച്ചു എന്നറിഞ്ഞുകൂടാ. ആദ്യം ഭൂജാതം ചെയ്തതു് ആത്മാവാണോ ശരീരമാണോ എന്നും അറിഞ്ഞുകൂടാ. ഒന്നുനിശ്ചയം. ജനിച്ചപ്പോൾ ജഡവുമുണ്ടായിരുന്നു.

ആളുകളുടെ വേഷത്തിലും ഭാഷയിലും ആചാരാനുഷ്ഠാനങ്ങളിലുമെല്ലാം വലിയ പരിവർത്തനങ്ങൾ സംഭവിച്ചിട്ടുണ്ടു്. എന്റെ വംശപാരമ്പര്യത്തെപ്പററി അച്ഛനമ്മമാരും ബന്ധുജനങ്ങളും പ്രസംഗിച്ചു. ഞങ്ങൾക്കൊരു രാജ്യവുമുണ്ടായിരുന്നു.

---

സിച്ചു് ഒരു സുമുഖൻ അവളോടു സംസാരിക്കുകയാണു്.

"മറിയാമ്മേ, അറിയുമോ?" എന്റെ കണ്ഠം ഇടറി. ആ യുവാക്കന്മാർ ഈർഷ്യാകലുഷരായി. അവർ പരിഹാസപൂർവ്വം പരസ്പരം നോക്കി. മറിയാമ്മ അങ്ങനെ നില്ക്കുകയാണു്.

"മറന്നുപോയി അല്ലേ? കൊല്ലം പത്തുപതിനഞ്ചായില്ലേ? നമ്മൾ ഇവിടെ ഒരുമിച്ചു പഠിച്ചതാണു്. ഒരു.........നായരെ ഓർമ്മിക്കുന്നില്ലേ? ഫോർത്തിൽ........."

"ഹോ! ഹോ!" അവൾ പറഞ്ഞു. "ഓർമ്മിക്കുന്നു ഓർമ്മിക്കുന്നു. ക്ഷമിക്കണം. കോളേജിൽ അടുത്തനാൾ ഒരുമിച്ചു കഴിഞ്ഞവരെപ്പോലും ഞാൻ അറിയുന്നില്ല എന്തൊരു മറവി? ഞാൻതന്നെ എന്നെ കുററപ്പെടുത്തിപ്പോകുന്നു."

ആ സ്വരത്തിൽ സ്നേഹം ഇല്ലായിരുന്നു. അവിടെ പ്രസംഗിച്ചതു് അവൾതന്നെയല്ലേ?

സ്കൂളധികൃതന്മാർ അവളെ ററീപാർട്ടി തയ്യാറാക്കിയിരുന്നിടത്തേക്കു ക്ഷണിച്ചു.

"എന്നാൽ നില്ക്കട്ടെ, കാണാം."

അവൾ നടന്നു. പ്രജ്ഞയററുനിന്ന എന്നെ അവളുടെ നേർത്തസ്വരം വീണ്ടും ഉണർത്തി.

"ആരോ എനിക്കു് ഓർമ്മയുമില്ല. അങ്ങനെയും ഒരു വേഷം."

എന്നെപ്പററി ചോദിച്ചവരോടു് അവൾ പറയുകയായിരുന്നു.

അവൾ എല്ലാം മറന്നു. അതെ, അവൾ ജീവിക്കുകയാണു്. ഒരു പ്രേതമായി ചുററിത്തിരിയുന്ന ഞാൻ എന്തിനു പരാതി പറയുന്നു!

ഞാൻ വെളിയിലേക്കു നടന്നു. നാടകത്തിനുള്ള ഒരുക്കങ്ങൾ പരിസരങ്ങളെ വീണ്ടും സജീവമാക്കുന്നു. നിറഞ്ഞ കണ്ണുകളോടെ ഞാൻ ഒരിക്കൽക്കൂടി അവിടേക്കു നോക്കി. അസ്തമനസൂര്യനെ കണ്ടു വിഷാദപൂർണ്ണമായി പകൽ മുഖംകറുപ്പിക്കുന്നു.

അദ്ദേഹം സ്വർഗ്ഗത്തിലെ അധിപനായ ദൈവത്തിന്റെ പ്രതിപുരുഷനാണെന്നു ആളുകൾ വിശ്വസിച്ചു. പലയിടങ്ങളിലായി ദേവാലയങ്ങളും അവയിലെല്ലാം ദേവതകളുമുണ്ടായിരുന്നു. ആകാശത്തുനിന്നും എങ്ങനെ ഇവരെല്ലാം ഭൂമിയിലേക്ക് ഇറങ്ങിവന്നു എന്ന് എനിക്ക് അത്ഭുതം തോന്നി. നല്ലതിനെയും ചീത്തയെയുംപറ്റി സംസാരമുണ്ടായിരുന്നു. ദേവന്മാരും ദേവസ്ത്രീകളുംതന്നെ ഭൂമിയിലേക്ക് ഇറങ്ങിവരാറുണ്ടെന്നു മുതിർന്ന ആളുകൾ പറഞ്ഞുകേട്ട് അറിവാൻ ഇടയായി. ചില സന്ദർഭങ്ങളിൽ അവർ ഭൂമിയിലുള്ള സുന്ദരികളായ സ്ത്രീകളും പുരുഷന്മാരുമായി വൈവാഹിക ബന്ധത്തിലേർപ്പെടാറുണ്ടായിരുന്നപോൽ. ഈ അവകാശംതന്നെയാണ് പിൽക്കാലത്തു ഭൂദേവന്മാർ അനുഭവിച്ചുകൊണ്ടിരുന്നതു്.

ഞാനും എഴുതി. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ബന്ധത്തെപ്പറ്റി. കഴിഞ്ഞ കാലങ്ങളിൽ ദേവന്മാരും ദേവസ്ത്രീകളും ഭൂമിയിൽ അവതരിച്ചു ചെയ്തിട്ടുള്ള അത്ഭുതകൃത്യങ്ങളെപ്പറ്റിയും അവരുമായി ബന്ധപ്പെട്ട രാജാക്കന്മാരുടെ വീരപരാക്രമങ്ങളെയുംപറ്റി കവിതകൾ ചമച്ചു. എല്ലാം കഴിഞ്ഞകാലങ്ങളിലെ സംഭവങ്ങളായിരുന്നു. ഭൂമിയിലെ പെണ്ണുങ്ങൾക്കുവേണ്ടി ഞാൻ ദേവന്മാരെ കരയിച്ചിട്ടുണ്ട്. അവയിലൊന്നും ആരുംതന്നെ അവിശ്വാസം പ്രകടിപ്പിച്ചില്ല.

X X X

മരിച്ചു എനിക്കു പുനർജ്ജന്മം ഉണ്ടായി. കാലം മാറി. പുതിയ സ്ഥലങ്ങളെപ്പറ്റിയും പുതിയ മനുഷ്യരെപ്പറ്റിയും പറഞ്ഞുകേട്ടു. നല്ലതും ചീത്തയും തമ്മിൽ സമരമുണ്ടായിരുന്നു. പുതിയ ആയുധങ്ങളും പുതിയ രീതിയിൽ ഭംഗിയും മനോഹരമായ പാർപ്പിടങ്ങളും ഉണ്ടായി. കൂടുതൽ വർദ്ധിപ്പിക്കുവാനുള്ള അന്വേഷണങ്ങൾ ആരംഭിച്ചിരുന്നു. ഒരു വ്യത്യാസംമാത്രം ഒട്ടനവധിപേർ വെയിലത്തും മഴയത്തും പണിയെടുത്തു അവരെല്ലാംതന്നെ കറുത്തിരുന്നു. ഒട്ടുപേർ വേലചെയ്യാതെ സുഭിക്ഷതയിൽ കഴിഞ്ഞു. അവരെല്ലാം വെളുത്തും ഇരുന്നു. കറുത്തവരെല്ലാം മുജ്ജന്മത്തിൽ പാപം ചെയ്തവരാണ്. വെളുത്തവർ സുകൃതം ചെയ്തവരും.

നല്ലയാളുകൾ സുഖിക്കുന്നു. ചീത്തയാളുകൾ ദുഃഖിക്കുന്നു. ആർക്കും പരാതിക്കു കാരണമില്ല. ദൈവം നല്ലവരുടെ കൂടെയുണ്ട്. നല്ലവർ അദ്ദേഹത്തോടു കൃതജ്ഞത പ്രകാശിപ്പിച്ചു. ചീത്തയാളുകൾ പാപപരിഹാരത്തിനുവേണ്ടി പ്രാർത്ഥിച്ചു.

ഞാൻ കവിതയെഴുതി നല്ലയാളുകളെപ്പറ്റിത്തന്നെ അവരുടെ പ്രണയകഥകളും ദാമ്പത്യബന്ധങ്ങളുമൊക്കെയായിരുന്നു വിഷയം. ഞാൻ സ്വന്തമായി ഭാവനയിൽ നിർമ്മിച്ച ധർമ്മസാമ്രാജ്യത്തിൽ അസൂയാലുക്കളായ ആക്രമികൾ ആക്രമിച്ചാലും ഭേദിക്കപ്പെടാത്തവിധം ചുറ്റും കോട്ടകൾകെട്ടി അവിടെ എന്റെ നായികാനായകന്മാരെ സുരക്ഷിതമായി സൂക്ഷിച്ചു. “യമുന കുലീനയും രൂപവതിയും സമ്പന്നയുമായിരുന്നു. അജയകുമാരനും അപ്രകാരംതന്നെ. അവർ തമ്മിൽ അനുരക്തരാകുന്നു. കുടുംബക്കാർ തങ്ങളിലുള്ള കലഹം വിവാഹത്തിനു പ്രതിബന്ധമായി വരുന്നു. ദുഷ്ടപാത്രങ്ങൾ ഇടയ്ക്കു കിടന്നു കലഹമുണ്ടാക്കുന്നു. യാദൃശ്ചികമായ സംഭവവികാസങ്ങളാലും ഈശ്വരാനുകൂല്യത്താലും പ്രതിബന്ധം നീങ്ങുന്നു. വിവാഹം നടക്കുന്നു. അഥവാ പ്രതിബന്ധം നീങ്ങിയില്ലെങ്കിൽ രണ്ടാളുംകൂടി ഒരുമിച്ചു മരിക്കുകയും അനന്തരം അവരുടെ അമരമായ സ്വർഗ്ഗത്തിൽ ജീവിക്കയും ചെയ്യുന്നു.”

നല്ലയാളുകളെക്കുറിച്ചു മാത്രമല്ല നല്ല വസ്തുക്കളെക്കുറിച്ചും എഴുതി. സൂര്യോദയത്തിൽ മാത്രമേ താമരപ്പൂക്കൾ വിടരുകയുള്ളു. അവർ തങ്ങളിലും പ്രണയബദ്ധരായിരുന്നു. ഇങ്ങനെയാണ് കവിതക്കു് ഒരു വ്യത്യാസം മാത്രം. ദേവന്മാരെപ്പറ്റിയും ദേവലോകത്തെപ്പറ്റിയുമല്ല എഴുതിയതു്. മനുഷ്യരെപ്പറ്റിയും മനുഷ്യലോകത്തെപ്പറ്റിയുമാണ്.

X X X

രണ്ടാമതും മരിച്ചു. മൂന്നാമതും ജനിച്ചു. ഞാൻ എന്തെങ്കിലും പാപം ചെയ്തതായി ഓർമ്മയില്ല. എന്തായാലും ഇത്തവണ ചീത്തയാളുകളെന്നു വിധിയെഴുതി തള്ളിയിട്ടിരുന്നവരുടെ കൂട്ടത്തിലാണു പിറന്നതു്. അവരോ? ഭൂരിപക്ഷം പണിയെടുക്കുകയും പട്ടിണി കിടക്കുകയും ചെയ്തു. മാത്രമല്ല എല്ലാം താഴ്ന്ന വർഗ്ഗക്കാരുമായിരുന്നു. ജീവിതം അപമാനകരമായിത്തോന്നി. സ്വർഗ്ഗത്തിൽ പ്രവേശിച്ചില്ലെങ്കിലും ഒന്നു ജീവിച്ചാൽ മതിയായിരുന്നു. ചിലരെല്ലാം ഈ വ്യവസ്ഥയുടെ ന്യായാന്യായങ്ങളെ ചോദ്യം ചെയ്യാൻ തുടങ്ങി. അവർക്കെല്ലാം അതിനൊത്ത പ്രതിഫലവും കിട്ടി. ഈശ്വര നിശ്ചയത്തെ ചോദ്യം ചെയ്യുവാനും നിലവിലുള്ള വ്യവസ്ഥയെ തകിടം മറിക്കുവാനും ശ്രമിക്കുന്നവൻ ആരായിരുന്നാലും അവനെ അവിശ്വാസിയും വിപ്ലവകാരിയുമായി മുദ്രയടിച്ചു പുറംതള്ളുവാൻ ദൈവാനുകൂല്യമുള്ള ഭാഗ്യവാന്മാർ മുമ്പോട്ടുവന്നു വർഗ്ഗസമരം തുടങ്ങി. അധികാരമുള്ളവൻ ആയുധമെടുത്തു. അതില്ലാത്തവൻ സംഘടിത ശക്തിയെ അഭയം പ്രാപിച്ചു.

ജീവിതം ദുസ്സഹമായി തോന്നി. ഞാനും ക

# കൂർഗ്ഗ്

(സുകുമാർ)

സഹ്യപർവതത്തിന്റെയും അറബിക്കടലിന്റെയും ഓമൽശിശുവായ കേരളത്തോടൊപ്പം പ്രകൃതിസൗന്ദര്യമുള്ള ഒരു പുണ്യഭൂമിയാണ് കൂർഗ്ഗ്. പച്ചപ്പട്ടു വിരിച്ച നെല്ലിൻപാടങ്ങൾ, സസ്യശ്യാമളങ്ങളായ മലകൾ, ചന്ദനമരങ്ങൾ ഇടതിങ്ങി വളരുന്ന "മരതകാദ്രി" മലകൾ ഇങ്ങനെ നാനാപ്രകാരേണയും കൂർഗ്ഗിനും കേരളത്തിനും തുല്യതകളുണ്ട്. പുണ്യനദിയായ 'കാവേരി' നദി കൂർഗ്ഗിന്റെ മദ്ധ്യത്തിൽക്കൂടി പ്രശാന്തഗംഭീരയായി ഒഴുകുന്നു. കേരളീയരും പാശ്ചാത്യരും ഉൾപ്പെടെ അനേകം ആളുകളുടെ തോട്ടങ്ങൾ കൂർഗ്ഗിൽ ഉണ്ട്.

കൂർഗ്ഗിന്റെ തലസ്ഥാനമായ "മർക്കാറ" പ്രകൃതി സൗന്ദര്യവും ഐശ്വര്യവും സമ്മേളിച്ചിരിക്കുന്ന ഒരു പട്ടണമാണ്.

കൂർഗ്ഗ് നിവാസികളിൽ എഴുപത്തഞ്ചു ശതമാനവും മലേറിയാ രോഗികളാണ്. മലേറിയാ രോഗികളിൽ കൊക്കപ്പുഴുവിന്റെ അള്ളുപിടിയിൽ പെടാത്തവർ തുലോം ചുരുക്കമാണ്. ഈ രണ്ടു ദുരന്തരോഗങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ നാട്ടിൽ ആളുകൾ പ്രായേണ ഉന്മേഷരഹിതരും പ്രാകൃതരുമായിട്ടാണ് കാണപ്പെടുന്നത്. ചുരുക്കം ചില പണക്കാരെ ഒഴിച്ചാൽ, ആളുകളെല്ലാം ഒരുതരം കുടിലുകളിലാണ് ജീവിച്ചു വരുന്നത്. ദുർഗന്ധപൂരിതവും ഇരുളടഞ്ഞതുമായ ഇത്തരം കുടിലുകളിൽ രോഗാതുരരായി അനേകദിവസം കഴിച്ചുകൂട്ടേണ്ട ഇക്കൂട്ടർ തെല്ലൊരാശ്വാസം കിട്ടുമ്പോൾ വടിയും കുത്തിപ്പിടിച്ചു ഇത്തരം കടകളുടെ തിണ്ണകളിൽ എത്തി വഴിയേ പോകുന്ന ആരോഗ്യവാന്മാരെ നോക്കി അസൂയപ്പെടാറുണ്ട്. ഏതെങ്കിലും ഒരു ഗ്രാമത്തിൽനിന്നു ആശുപത്രികളുള്ള പട്ടണങ്ങളിലെത്തേണ്ടത്രേ മൂന്നു മൈലോളമുള്ള കാടുകളെ താണ്ടി വേണം. ഈ കാടുകളിൽ വന്യമൃഗങ്ങൾ കുറവല്ല. ചുരുക്കി പറഞ്ഞാൽ പ്രായേണ ഗ്രാമീണരുടെ ഒററയടിപ്പാതകൾ ദുഷ്ടമൃഗങ്ങളുടെ വിഹാരരംഗമാണ്. ഇത്തരം നാട്ടുവഴികളിൽക്കൂടി മലേറിയാ രോഗികളെ കെട്ടിയെടുത്ത് പട്ടണങ്ങളിലുള്ള ആശുപത്രികളിലേക്ക് കൊണ്ടുപോകുന്ന കാഴ്ച ഏററവും ദയനീയംതന്നെ. കഷ്ടിച്ചു ഒരു കാളവണ്ടി കടന്നുപോകുവാൻ വിസ്താരമുള്ള ഇവിടത്തെ റോഡുകളിൽ ത്രികോണാകൃതിയിലുള്ള വളവുകൾ കാണാം. റോഡിന്റെ ഒരു ഭാഗത്തു അഗാധമായ കുഴികളും മറുവശത്തു മലകളും കാണാം. ഈ റോഡുകൾ കീഴ്ക്കാംതൂക്കായി ഇറങ്ങിയിട്ടു മറെറാരു കുന്നിലേക്കു കയറുന്നതും പല സ്ഥലങ്ങളിലെയും കാഴ്ചയാണ്. വിദഗ്ദ്ധനായ ഡ്രൈവർക്കല്ലാതെ വണ്ടികൾ അപകടം കൂടാതെ ഓടിച്ചുപോകുവാൻ ഈ റോഡുകളെ സംബന്ധിച്ചിടത്തോളം സാദ്ധ്യമല്ല! കൂർഗ്ഗിൽനിന്നും മംഗലാപുരം, കണ്ണൂർ മൈസൂർ മുതലായ സ്ഥലങ്ങളിലേക്കു പോകുന്ന കുപ്പുവടക്കാരാലും പണക്കാരാലും ഇവിടത്തെ സർവീസ് ബസ്സുകൾ നിറഞ്ഞിരിക്കും. ഇതിൽനിന്നും ഗ്രാമീണരായ രോഗികളെ പട്ടണങ്ങളിലേക്ക് കൊണ്ടുപോകുവാൻ എത്രമാത്രം ബുദ്ധിമുട്ടുണ്ടെന്നു ഊഹിക്കാമല്ലോ? ഈ പരിതസ്ഥിതികളിൽ നിർധനരും നിരക്ഷരകുക്ഷികളുമായ

---

ചിത എഴുതി. ഭാവനയിൽ സ്വർഗ്ഗം സൃഷ്ടിക്കുവാനുള്ള എന്റെ ശ്രമം എന്നന്നേക്കുമായി നിർത്തി മരണാനന്തര ജീവിതത്തെ കുറിച്ചു ഞാനാലോചിച്ചതേയില്ല. മരിക്കുന്നതുവരെ മനുഷ്യനായി ജീവിക്കുകയെന്നുള്ളതായിരുന്നു ഏററവും അടിയന്തരമായ പ്രശ്നം. എന്റെ കർത്തവ്യം ഭൂമിയിൽ സ്വർഗ്ഗം സൃഷ്ടിക്കുകയായി മാറി. വ്യക്തികളുടെ ദുരിതാനുഭവങ്ങൾ മർദ്ദിതരായ ജനതയുടെ ദുരിതാനുഭവങ്ങളായി മാററിക്കാണിക്കുവാൻ എനിക്കു കഴിഞ്ഞു. അവർക്കു സ്വാതന്ത്ര്യബോധമുണ്ടായി സമരം തുടങ്ങി.

x x x x x

ഒരുകൂട്ടം ആളുകൾ പരിഹസിക്കുകയാണ്.

"ഇയാളുടെ കവിതയ്ക്കു ശാശ്വതികത്വമില്ല"

എനിക്കു അവരോടു പറയുവാനുള്ളത് ഇത്രമാത്രമാണ്. "ഇതു പറയുന്നതാരാണെന്നു എനിക്കറിയാം. അവർക്കുകൂടി എതിരായിട്ടുള്ളതാണ് എന്റെ സമരം." ...0...

---

## അഞ്ചൽക്കുഴപ്പം

അഞ്ചൽസ്റ്റാമ്പ് കിട്ടുവാൻ പ്രയാസം നേരിട്ട കാരണം കഴിഞ്ഞലക്കം ചിത്രോദയം അയയ്ക്കുവാൻ നേരിട്ട താമസം വായനക്കാർ സദയം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

മാനേജർ

# ജീവിതകാഹളം

ഗ്രന്ഥകർത്താ:- ശ്രീ. പാലാ നാരായണൻനായർ. പ്രസാധകൻ:- വൈക്കം ഒ. എൻ. ഭാസ്കർ, പൂഞ്ഞാർ, വില രൂപാ ഒന്ന്.

കവികൾ പെരുകിയിട്ടോ, കവിതയെ മലയാളികൾ വെറുത്തിട്ടോ കവിക്കും കവിതക്കും മലയാളത്തിൽ സ്ഥാനമില്ലാതായിട്ടുണ്ട്. "ജോലിയൊന്നുമില്ലെങ്കിൽ പോയി കവിതയെഴുതൂ, ഹേ" എന്ന് മലയാളത്തിലെ ഒന്നാംതരം നിരൂപകന്മാരിലൊരാളായ എന്റെ ഒരു മാന്യസ്നേഹിതൻ ചിലരെ കളിയാക്കിയിട്ടെങ്കിലും ഉപദേശിക്കുന്നതു കേട്ടിട്ടുണ്ട്. തൊഴിലില്ലാത്തവർക്ക് അവസാനമായി ആത്മഹത്യപോലെ മാത്രം പ്രയോജനപ്പെടുന്ന ഒരു വ്യർത്ഥശ്രമമായിത്തീർന്നിരിക്കുന്നു കവിത എന്നാണല്ലോ ഇതിനർത്ഥം. അതെന്തുമാകട്ടെ. വാസനാസമ്പന്നനായ ഒരു കവിയെപ്പോലും മലയാളികൾ അംഗീകരിക്കയില്ലെന്നുള്ളതിനൊരു സജീവ ദൃഷ്ടാന്തമാണ് ശ്രീ. പാലാ നാരായണൻ നായർ.

മലയാളമനോരമ ആഴ്ചപ്പതിപ്പുകളിലൂടെ രംഗപ്രവേശം ചെയ്ത് അനേകം രസികത്വം നിറഞ്ഞ കവനങ്ങൾ മുഖേന മലയാളികളുടെ മനം കുളിർപ്പിച്ച ശ്രീ. പാലാ നാരായണൻ നായർ ഇന്നെവിടെയാണ്? അദ്ദേഹം മഹാകവിപ്പട്ടത്തിലേയ്ക്കുയർന്നില്ല; സെനററുമെമ്പറായില്ല; ടെക്സ്റ്റ്ബുക്ക് കമ്മററിയിൽ ചാടിക്കൂടിയില്ല; പത്രാധിപരുമായില്ല. മിക്കവാറും പഴഞ്ചൊല്ലായിത്തീർന്നിരിക്കുന്ന അദ്ധ്യാപക ദാരിദ്ര്യത്തോട് അദ്ദേഹം യാത്ര പറഞ്ഞു. ജീവിതവ്യഗ്രതകളോട് മല്ലിട്ട് മല്ലിട്ട് കേരളത്തിൽ നിന്നു ബർമ്മാവരെ പിന്മാറേണ്ടിവന്ന കാക്കിയുടുപ്പുകാരുടെ കൂട്ടത്തിൽ കാണാം മലയാളകവികളിൽ 'അപൂർവ്വം ചില കെടാവിളക്കുകളിലൊന്നായ ശ്രീ നാരായണൻനായരെ— അക്ഷരജ്ഞാനമുള്ള യുവാക്കന്മാരെ

---

ഗ്രാമീണർ ബസ്സുകാരെ സമീപിക്കാറില്ല. ഈ ദുർഘടപ്രശ്നങ്ങൾക്ക് ആരും ഒരു സമാധാനവും കണ്ടുപിടിക്കാത്തതിനാൽ ഇരുളടഞ്ഞ തങ്ങളുടെ കുടിലുകളിൽതന്നെ കിടന്നു ഗ്രാമീണർ നരകിക്കുകയാണ്—അജ്ഞതയുടെയും ഭീരുതയുടെയും മരവിച്ച കൈകളിൽപെട്ടു വിങ്ങിവിങ്ങിക്കരയുകയാണ്.

ഇനിയും കൂർഗ്ഗിലെ തോട്ടക്കൂലിക്കാരുടെ കാര്യമാണ്. 'മലേറിയാ കൊതു'കുകളുടെ സങ്കേതമാണ് ഇവിടത്തെ കാപ്പിത്തോട്ടങ്ങൾ. ഇത്തരം തോട്ടങ്ങളിൽ നഗ്നപാദരായി ദിവാനിശം വസിക്കുന്ന സാധുക്കൂലിക്കാർ മലേറിയാ രോഗികളായതിൽ അത്ഭുതത്തിന് വഴിയില്ലല്ലോ? നിസ്സഹായതയും ദാരിദ്ര്യവും വീർപ്പുമുട്ടിക്കുന്ന ഈ നിരക്ഷരകുക്ഷികൾ വീർത്ത വയറുമായി തോട്ടങ്ങളിലൂടെ പോകുന്ന കാഴ്ച മർമ്മഭേദകമാണ്. സുഖക്കേടു കലശലാകുമ്പോൾ അവർ സമീപമുള്ള ആസ്പത്രികളെ അഭയം പ്രാപിക്കും. അനേകായിരം രോഗികളെ കിടത്തി ചികിത്സിക്കുവാൻ ഇവിടത്തെ ആസ്പത്രികളിൽ സജ്ജീകരണമില്ലാ അതിനാൽ വരാന്തകളിൽ കിടന്ന് അനേകം കൂലിക്കാർ അപമൃത്യുവിനിരയാകാറുണ്ട്.

മസൂരി കൂർഗ്ഗിനെ വിട്ടുപിരിയാത്ത മറ്റൊരു സുഖക്കേടാണ്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ ഈ മാസങ്ങളിൽ അനേകം മരണങ്ങൾ മസൂരിമൂലം കൂർഗ്ഗിൽ ഉണ്ടാകാറുണ്ട്. ചിലകാലങ്ങളിൽ ഇവിടത്തെ പട്ടണങ്ങളിൽ പ്ലേഗും വന്നുകൂടും.

ഇനിയും ഇവിടത്തെ റിസേർവ്വ് വനങ്ങളിലേയ്ക്കു കടന്നുനോക്കാം. ജട കെട്ടിയ തലയോടും മീശ വളർന്ന മുഖത്തോടുംകൂടി ഒരുതരം മലീമസമായ വസ്ത്രങ്ങൾ ചുററി എത്രയോ കിരാതന്മാരുടെ രീതിയിൽ റിസേർവ്വ് ഫോറസ്റ്റിൽ കൂലികൾ ജീവിക്കുന്നു. ഒരു ചെറുകത്തിയും കയ്യിലേന്തി ഇവർ വനാന്തർഭാഗങ്ങളിലേക്ക് പോകുന്ന കാഴ്ച ഏററവും അത്ഭുതാവഹമാണ്. ആണ്ടുതോറും അനേകായിരം ടൺ അരി മററു നാടുകളിലേക്കയയ്ക്കുന്ന കൂർഗ്ഗിൽതാമസിക്കുന്ന ഇക്കൂട്ടർ ചോറുണ്ണാറില്ല

അവർ റാഗിമാത്രം ഭക്ഷകന്മാരുമാണ്. അവർക്കും ഉണ്ട് കുഞ്ഞുങ്ങൾ. അവരും പിതാസമേതരായോടെ ദിവാനിശം വേല ചെയ്യുന്നുണ്ട്. ഇൻഡ്യയുടെ ഇതര ഭാഗങ്ങളെക്കാളും വിദ്യാഭ്യാസത്തിൽ മികച്ചു നില്ക്കുന്ന ദക്ഷിണേന്ത്യയിൽ ജീവിക്കുന്ന ഇക്കൂട്ടർക്ക് അക്ഷരപരിജ്ഞാനംപോലുമില്ല. മരണഭയംപോലുമില്ലാതെ വനാന്തർഭാഗങ്ങളിൽ കടന്നു വിഭവങ്ങൾ ശേഖരിച്ചു മുതലുകൂട്ടുന്ന ഇക്കൂട്ടരുടെ കഷ്ടതകൾക്കും ത്യാഗങ്ങൾക്കും ആരും വില കല്പിക്കാറില്ല.

എല്ലാംകൂടി നോക്കുമ്പോൾ ഫലഭൂയിഷ്ഠവും പ്രകൃതിരമണീയവുമായ കൂർഗ്ഗ് പണക്കാരെ തടിപ്പിക്കുന്നതും സാധുക്കളെ നിത്യദരിദ്രത്തിലേയ്ക്കു ആഴ്ത്തുന്നതുമായ ഒരു നാടാണ്.

....0...

ല്ലും കവിതയെഴുത്തുകാരായിത്തീർന്നിട്ടുണ്ടെങ്കിലും അവരിൽ അതിനുവേണ്ട സിദ്ധിയോടുകൂടിയ പുരുഷം ചിലരുടെ ഇടയിൽ അസൂയാർഹമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്ന ശ്രീ. പാലായെ (മേൽ ഉദ്ധരിച്ചിരിക്കുന്നതിൽ ആദ്യത്തേതു് ശ്രീ. സി. ഐ. രാമൻനായരുടെയും, രണ്ടാമത്തേതു് ഉള്ളൂരിന്റെയും അഭിപ്രായങ്ങളാണു്.)

ശ്രീ പാലായ്ക്കു പുഞ്ചിരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. ജീവിതത്തിൽ പരാജയമായിരിക്കണം ഉററ തോഴി. എവിടെയും അസമത്വങ്ങളാണദ്ദേഹം കാണുന്നതു്. സമ്പന്നന്റെ 'പളുങ്കുമേടച്ചുകളും' പട്ടിണിപ്പാവങ്ങളിന്റെ ഗദ്ഗദങ്ങളും അദ്ദേഹത്തിനെ കരയിച്ചതേയുള്ളു. അരിശംകൊള്ളിച്ചില്ല. ഈ അസമത്വം മുടിഞ്ഞുപോകണേ എന്നു് അദ്ദേഹം രണ്ടുകൈയും കൂട്ടി ശപിച്ചിട്ടുണ്ടു്. ഒരു വിപ്ലവത്തിനുള്ള ആഹ്വാനം അതിൽ ഒളിഞ്ഞുകിടപ്പുണ്ടുതാനും. പുറംപാളത്തെ ഹൃദയസ്പൃക്കായി പകർത്തിക്കാട്ടി അനുവാചകരെ ചിന്താധീനരാക്കാൻപോകുന്ന ഏതാനും വിഷമപ്രശ്നങ്ങളുടെ പുനർദർശന ശാലയാണു് ജീവിതകാഹളം.

ഈ ചെറിയ പുസ്തകം അതിനു താങ്ങാനാവാത്ത വിഷാദഭാരം പേറുന്നുണ്ടെന്നു തോന്നാം. തികച്ചും ശരിയാണു്. അതിനു കവിയെ കുററപ്പെടുത്താനില്ല. കൃത്രിമത്വത്തിലൂടെ നുഴഞ്ഞുകയറുന്ന കവനങ്ങൾകൊണ്ടു് അദ്ദേഹം ജീവനില്ലാത്ത ഒരു പ്രതിമസൃഷ്ടിക്കയല്ല ചെയ്യുന്നതു്. ചിത്രമെങ്കിലും, ജീവനുള്ള—ചൈതന്യമുള്ള—വിഷാദങ്ങളാണു് അദ്ദേഹത്തിന്റെ കലാസൃഷ്ടികൾ. അതിനെ 'ശവകൊല'യെന്നു വിളിക്കുന്നവരുണ്ടാവാം; സാധുജനങ്ങളുടെ പ്രതിരൂപങ്ങളായി കാണുന്നവരും ഇല്ലാതെവരില്ല. ഏതായാലും അനുഭവത്തിൽ നിന്നു് ജന്മമെടുത്തതു് സമാനമായ അനുഭവങ്ങളിൽ ഒട്ടിച്ചേർന്നുകൊണ്ടു് അങ്ങോളം നിലനിന്നുപോരുന്നു. ശ്രീ. പാലായുടെ കവിതകളും അങ്ങോളം നിലനില്ക്കുന്നവയാണു്.

ആകെ പതിനാലു കവിതകളടങ്ങിയ ജീവിതകാഹളം ഒററയിരിപ്പിനു വായിച്ചുതീർക്കാവുന്ന ഒരു ചെറിയ പുസ്തകമാണു്. ഒരിക്കലും പുതുമ നശിക്കാത്ത കവിതകളാണെല്ലാം. പോരെങ്കിൽ ശ്രീ. പാലായുടെ 'ഓമനക്കുട്ട'ന്റെ സ്വാദൊന്നു പ്രത്യേകമാണു്. ഇതിനെല്ലാമുപരിയായി അദ്ദേഹത്തിന്റെ കവിതയ്ക്കു മറെറങ്ങും കാണാത്ത ഒരു കുലീനതയുണ്ടു്. അർത്ഥവും പദവും അങ്ങനെ കൈകോർത്തു പോകുകയാണു്. ഒരിടത്തും ഒന്നിനോടൊന്നു പിണങ്ങിനില്ക്കാറില്ല.

സങ്കേതങ്ങളാണെങ്കിലും ഓരോ കവിതയും ഓരോ സന്ദേശം നൽകുന്നുണ്ടു്. മിക്കവാറും അവ അസമത്വത്തെ സ്പർശിച്ചുള്ളതായിരിക്കും.

(1) ഒട്ടപേരുയർന്നീടുവാനന്യർ
പട്ടടക്കുഴിച്ചുകണ്ടും.
കഷ്ടിച്ചുകണ്ടും വമ്പനേകുവാൻ
ഭിക്ഷു നിന്നുവിശക്കണം.

(2) ധനികരിതുപാടട്ടെ...
സാമൂഹ്യനീതികേ-
ടിനിയുമലകൊന്നാൽ കൃസാതെകണ്ടിടും?

(3) ഞെഴകിയകണ്ണുമാഷ്ട്രമുന്നില്ല,-
ഞ്ഞെഴലെന്നറിയുവാനല്ലമർത്ത്യൻ.

(4) അരചനെ യാചകനാക്കിലെെവ-
മവശനു ഭൂപാലകത്വമേകാൻ.
അവരിരുപേരും വിഭിന്നരല്ലെ-
ന്നറിയിക്കും ദൈവം സമത്വവാദി.

ഇങ്ങനെ ധാരാളം കാണാം ജീവിതകാഹളത്തിൽ.

ഓരോ കവിതയ്ക്കും ശീർഷകമായി നില്ക്കുന്നതു് ഓരോ ഈരടികളാണു്. അതുകൊണ്ടു് ഏതെങ്കിലും ഒന്നിനെപ്പററി ചർച്ച ചെയ്യേണ്ടിവരുമ്പോൾ മെല്ലാത്ത ഈരടികൾ ഓരോഭാഗത്തിൽ പറയുകയോ, മുഴുവൻ എഴുതിപ്പിടിപ്പിക്കുകയോ വേണ്ടിവരുന്നു. ഇതും ഒരു പുതുമയായിരിക്കാം. എന്നാൽ അനുകരണീയമോ അഭിനന്ദനീയമോ അല്ല. കവിതകളുടെ ശീർഷകങ്ങൾ ചിഹ്നങ്ങളും അങ്കങ്ങളും ആയിരിക്കുകയും ഈരടികളായി നീട്ടുകയും ചെയ്യുന്ന രീതി ഇപ്പോൾ വന്നുകഴിഞ്ഞിരിക്കുന്നു! രണ്ടിനും അതാതിന്റെ വൃത്തികേടുണ്ടുതാനും.

'പ്രേമവീർപ്പുകളും' 'അരച കൊട്ടാരവും' ശ്രീ. പാലായുടെ കവിതകളിൽ കാണരുതാത്തതാണു്.

ശ്രീ പാലായുടെ നല്ല കവിതകൾ മിക്കതും ഇനിയും പുസ്തകരൂപത്തിൽ ആയിട്ടില്ല. ജീവിതകാഹളത്തെ അത്തരം കവിതകളുടെ ഒരു ചെറിയ ഓഹരിക്കാരിയായി മാത്രം ഗണിച്ചാൽ മതി.

പുറങ്ങളിൽ, നല്ലപേരും, കാണാൻ ചന്തവും, വായിക്കാൻ രസവും ഉള്ള ഒരു കാവ്യതരംഗിണിയാണു 'ജീവിതകാഹളം'.

(അനന്തക്കുട്ടൻ)

## ഏജൻറന്മാർ

പണം മുൻകൂർ അയയ്ക്കാത്ത ഏജൻറന്മാർക്കു ചിത്രോദയം അയയ്ക്കുന്നതല്ല.

മാനേജർ

# “രണ്ടുവാക്കി”ന്റെ പുറകേ

(കൊട്ടപ്പുന്ന ഗോവിന്ദഗണകൻ)

[“സൃജ്”-വിസർഗ്ഗേ”-(തിങന്തത്തിൽ ദിവാദിപ്രകരണം) അമ്മക;-സംസൃജ്യതേ സാരസിജൈരരുണാംശുഭിന്നൈഃ-അകമ്മകോപി ഇത്യത്ഥത: അത:സൃജിയുജ്യോഃ സകമ്മയോഃ കമ്മവത്ഭാവഃ ഇതികമ്മവൽ സൂത്രസ്ഥവാത്തികേന നവിരോധ:]

സൃജ് ധാതു വിസർഗ്ഗാത്ഥകമാകുന്നു. എന്നു വച്ചാൽ സൃജ് ധാതുവിൽനിന്നു ഉല്പാദിക്കപ്പെടുന്ന പദങ്ങൾക്ക് വിസർഗ്ഗാത്ഥമാണു് ഉള്ളതെന്നു മനസ്സിലാക്കണം. സൃഷ്ടിഃ എന്ന കമ്മപദവും സ്രഷ്ടി എന്ന കർത്തൃപദവും സൃജ് ധാതുജങ്ങളാണല്ലോ. ഈ രണ്ടു വാക്കുകളുടേയും അത്ഥം നമുക്ക് സുപരിചിതമാണെങ്കിലും അതൊന്നു വിവരിക്കേണ്ടിയിരിക്കുന്നു. സൃജ് ധാതുവിസർഗ്ഗത്തിലാകുന്നു എന്നു പ്രകരണം ശാസിക്കുന്നതുകൊണ്ടു സൃഷ്ടി എന്നതു് വിസർജ്ജനവും, സ്രഷ്ടി എന്നതു് വിസർജ്ജകനുമാകുന്നു. വിസർഗ്ഗത്തെ വിട്ടു വേറൊരത്ഥം സൃജ് ധാതുവിനു കല്പിക്കുവാൻ പാടില്ല.

എന്താണു് ഈ വിസർഗ്ഗം? സൃജ് ധാതുജമായ സർഗ്ഗശബ്ദത്തിന്റെ മുമ്പിൽ ഉപസർഗ്ഗമായ ‘വി’ ചേർന്ന ഒരു പദമാണല്ലോ വിസർഗ്ഗം. (സർഗ്ഗം, പ്രതിസർഗ്ഗം, നിസർഗ്ഗം, ഉത്സർഗ്ഗം, ഉപസർഗ്ഗം, സംസർഗ്ഗം ഇതെല്ലാംതന്നെ ഉപസർഗ്ഗവശത്താൽ വിഭിന്നാത്ഥകങ്ങളായി സൃജ് ധാതുവിൽനിന്നു സംജനിക്കപ്പെട്ടതാണെന്നു അറിയേണ്ടതുണ്ടു്. “ഉപസർഗ്ഗവശാൽ ധാത്വത്ഥോന്തരവിഷയാകൃത്,,) വിശേഷേണ ഉള്ള സർഗ്ഗം അത്രേ വിസർഗ്ഗം. സർഗ്ഗത്തിനു് “സർഗ്ഗഃസ്വഭാവനിമ്മോക്ഷനിശ്ചയാദ്ധ്യായസൃഷ്ടിഷു” എന്ന കോശവചനമനുസരിച്ചു് സ്വഭാവം, നിർമ്മോക്ഷം, നിശ്ചയം, അദ്ധ്യായം, സൃഷ്ടി എന്നിത്രയും അത്ഥങ്ങളുണ്ടു്. വി എന്ന ഉപസർഗ്ഗത്തിനു് വിശേഷേണ എന്ന അത്ഥവും ആകുമ്പോൾ ഒന്നിലധികം അത്ഥങ്ങൾ വിസർഗ്ഗത്തിനു വന്നുചേരുന്നുണ്ടാവും. ഇതിൽ ഏതാണു് സ്വീകരിക്കേണ്ടതു് എന്നു സന്ദേഹം സ്ഥാനം പിടിക്കുന്നുണ്ടെങ്കിൽ അതിശയമില്ല. പക്ഷേ, “അസ്മാത്പദാദയമത്ഥോ ബോദ്ധവ്യ ഇതീശ്വരസങ്കേത: ശക്തിഃ”—ഈ പദത്തിൽനിന്നു ഈ അത്ഥം മാത്രമേ ഗ്രഹിക്കാൻ പാടുള്ളൂ എന്ന സങ്കേതശക്തി ജ്ഞാപിക്കുന്നതെന്നുള്ള വസ്തുത അവിസ്മരണീയമാണു്. അല്ലാതെ പിച്ചിക്കീറി തോന്നിയ അത്ഥമൊന്നും പരിഹരിക്കാൻ അനുവാദവും അവകാശവുമാർക്കുമില്ല. ഇങ്ങനെ യൗഗികമായ ഒരു നിയമം പദങ്ങളുടെ പുറകിലില്ലായിരുന്നെങ്കിൽ എന്തെല്ലാം കുഴച്ചിലുകളാണു് വന്നുപോകുമായിരുന്നതെന്നു പറയുക പ്രയാസം. തദ്ദൃശമായ സങ്കേതത്തെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ വിസർഗ്ഗത്തിനു് പച്ചമലയാളത്തിൽ എന്തൊരത്ഥമാണു് പറയേണ്ടതു്. ഇവിടെ മഹാകവികളുടെ ചില പ്രയോഗങ്ങൾ ഉദ്ധരിക്കേണ്ട ആവശ്യമേ ഉള്ളൂ.

“സൃജന്തമാജാവിഷുസംഹതീഃ:-(ഭാരവി) ഇതിലെ സൃജന്തം എന്ന പദത്തിനു് വർഷന്തം എന്നു മല്ലിനാഥൻ വ്യാഖ്യാനം നൽകിയിരിക്കുന്നു. ശരസമൂഹങ്ങളെ സർജ്ജിക്കുന്ന എന്നു മഹാകവി എഴുതിയപ്പോൾ ഭാവിജ്ഞനായ വ്യാഖ്യാതാവു് വർഷിക്കുന്ന എന്നു വ്യാഖ്യാനിച്ചിരിക്കുന്നു. ശരങ്ങൾ സർജ്ജിക്കുക—വർഷിക്കുക-എന്നു വച്ചാൽ വിടുക, പുറത്തേക്കു് വിടുക എന്നാണല്ലോ മലയാളത്തിൽ പറയാവുന്ന അത്ഥം. “വിഹിതാംഗനേfപിവിസസർജ്ജസഖീം” (മാഘൻ) വിസസർജ്ജ എന്നതിനു് പ്രജാർഘയ എന്നു വ്യാഖ്യാനം. സഖിയെ വിസർജ്ജിച്ചു എന്നു പറഞ്ഞാൽ സഖിയെ വിട്ടു എന്നോ പറഞ്ഞുവിട്ടു എന്നോ അല്ലേ അത്ഥം. “വിസൃജതിഹിമഗർഭൈരഗ്നിം,, (കാളിദാസൻ) വിസൃജതി എന്നതിനു് കിരതി എന്നു വ്യാഖ്യാനം. അഗ്നിയെ വിസർജ്ജിക്കുന്നു കിരണം ചെയ്യുന്നു—എന്നു പറഞ്ഞാൽ വിടുന്നു, പുറത്തേക്കു് വിടുന്നു എന്നത്ഥമല്ലാതെ മറ്റൊന്നില്ല. “വിസൃഷ്ടപാർശ്വാനുചരസ്യ തസ്യ” (കാളിദാസൻ) അനുചരന്മാരെ വിസർജ്ജിച്ചു എന്നുവച്ചാൽ അവരെ പറഞ്ഞുവിട്ടു എന്നത്ഥമല്ലേ. “വിസൃജ്യസശരം ചാപം” അമ്പുതൊടുത്ത വില്ലു് വിസർജ്ജിച്ചു എന്നാൽ വിട്ടു, ഉപേക്ഷിച്ചു എന്നല്ലേ അത്ഥം. ഇത്രയും ഉദ്ധരണങ്ങളിൽനിന്നു വിസർഗ്ഗത്തിന്റെ അത്ഥം സുഗ്രഹമായിട്ടുണ്ടു്. ഇവിടെയെല്ലാം വിടുക, പുറത്തേക്കു് വിടുക—സംസ്കൃതരൂപത്തിൽ പറഞ്ഞാൽ ഉപേക്ഷിക്കുക എന്ന മാത്രമാണു് അത്ഥമുള്ളതെന്നു ഇനിയും വ്യക്തമാകേണ്ടതോ. ഇതിൽനിന്നെല്ലാം, മനസ്സിലാക്കേണ്ടതു് സൃജ് ധാതുവിനു്, വിടുക, പുറത്തേക്കു് വിടുക എന്ന അത്ഥം മാത്രമേ ഉള്ളൂ എ

നല്ലാതെ മറ്റൊന്നുമല്ല. അർത്ഥാപപത്തി ഇങ്ങനെയിരിക്കെ "ഒന്നിനെ മറ്റൊന്നാക്കി വിടുക എന്നു മാത്രം അർത്ഥമുള്ള സൃജ് ധാതു", എന്നിങ്ങനെ നിശ്ശങ്കം തട്ടിമൂളിച്ചാൽ അതു സഹിക്കുവാനുള്ള അനാരോഗ്യം ഭാഷായോഷയ്ക്കു് ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. ഉപരി ഉദ്ധൃതങ്ങളായ കാവ്യഭാഗങ്ങളിൽ എവിടെയെങ്കിലും 'ഒന്നിനെ മറ്റൊന്നാക്കി വിടുക' എന്നർത്ഥം സംഗമിക്കുന്നുണ്ടോ. അല്ലെങ്കിൽ സംസ്കൃതസാഹിത്യങ്ങളിൽ എങ്ങാനും ആ അർത്ഥത്തിൽ 'സൃജ വിസർഗ്ഗേ' ഉള്ളതായി കാണിച്ചുതരാമോ?

മി. പി. ദാമോദരൻപിള്ള ബി. എ. എഴുതി 'ഒന്നിനെ മറ്റൊന്നാക്കി വിടുക എന്നു മാത്രം അർത്ഥമുള്ള സൃജ് ധാതു എന്നു്. ആ തെറ്റു് തെറ്റാണെന്നു്: സന്ദർഭവശാൽ എനിക്കു് എഴുതേണ്ടതായി വന്നു. നോക്കണേ! മി. പിള്ള എതിർക്കുന്നു!! ആ എതിർപ്പിന്റെ രീതിയും വളരെ വിചിത്രവുമാണു്. ഞാൻ ചൂണ്ടിക്കാണിച്ച തെറ്റിനെ— 'ഞാൻ പിടിച്ച മുയലിനു് മൂന്നു കൊമ്പ്' ഉണ്ടായിരിക്കുമെന്നും ഉണ്ടായിരിക്കണമെന്നുമുള്ള ശാഠ്യത്തോടെ ശരിയാക്കാൻ ശ്രമിക്കുന്നു. അതു് എങ്ങനെ എന്നല്ല. ഒന്നിനെ മറ്റൊന്നാക്കി വിടുക എന്നുമാത്രം അർത്ഥമുള്ള 'സൃജ് ധാതു' എന്നു പറയുന്നതു് തെറ്റാണു് "സൃജ് വിസർഗ്ഗേ" എന്നേയുള്ളു എന്നു ഞാൻ എഴുതുമ്പോൾ വാദപരിധിയിൽ നിന്നു എങ്ങനെ നീക്കിക്കൊണ്ടു പോകാമെന്ന മട്ടിൽ ഉച്ഛിഷ്ടം, അഥർവ്വം, ഉപലബ്ധി, വ്യാപ്തി തുടങ്ങിയ ചില വാക്കുകൾ എടുത്തു് അവയുടെ പുറകെ കാടുകയറുന്നു!! ഇതു് ആവശ്യമില്ലാത്ത കാടുകയറ്റമാണെന്നു തെളിയിപ്പാൻ ഇവയുടെ സഹായംകൂടാതെ സൃജ് വിസർഗ്ഗേ എന്നതിന്റെ അർത്ഥം മേൽ വിശദപ്പെടുത്തി എന്നുള്ളതു മതി. അതുകൊണ്ടു മി. പിള്ളയുടെ വിസർഗ്ഗവിമർശനത്തിലും അഥർവ്വവേദത്തിലെ ഉച്ഛിഷ്ടസൂക്തപ്രസ്താവത്തിലും പ്രകൃതിക്കു് അഥവാ ഈശ്വരനു് ബുദ്ധി ഇല്ലാത്തതിനാൽ എന്നുള്ള വിധിയെഴുത്തിലും എനിക്കു് വളരെയധികം പ്രതിഷേധവും വിയോജനവും ഉണ്ടെന്നിരുന്നാൽതന്നെയും പ്രകൃതത്തെ അനുസരിക്കുക വാദധർമ്മമെന്നു കരുതി തൽക്കാലം വിട്ടുകളയുന്നു. വേണ്ടിവരുന്നെങ്കിൽ പിന്നൊരിക്കൽ അതിനെപ്പറ്റി എഴുതുകയുമാവാം.

ഇനി എന്റെ ലേഖനത്തിലെ ഒരു പ്രധാന വികല്പം ചൂണ്ടിക്കാണിക്കുന്ന എന്ന ഭാഗത്തിലേക്കു തിരിയാം. ഇവിടെ അത്യാവശ്യമായി എനിക്കു പറയാനുള്ളതു്, ഞാൻ എഴുതിയതു് ഒന്നു്, മി. പിള്ള മനസ്സിലാക്കിയതു് മറ്റൊന്നു് എന്നാണു്. അതു് സ്പഷ്ടമാക്കാം. എന്റെ ലേഖനത്തെ "കുറുക്കിപ്പറ്റിച്ചു" എന്നമട്ടിൽ മി. പിള്ള ഒരു വാചകം അങ്ങനെ തട്ടി എഴുതിയിരിക്കുന്നു. "കർമ്മവും ഫലവും ഒന്നിച്ചുപോകുന്ന രണ്ടു സംഗതികളാകയാൽ ഫലേച്ഛ പാടില്ലെങ്കിൽ കർമ്മംതന്നെ പാടില്ല എന്നാണു് അദ്ദേഹത്തിന്റെ സിദ്ധാന്തം." ഞാൻ എഴുതിയിരുന്നതിന്റെ ചുരുക്കം "കർമ്മത്തിനു ഫലമുണ്ടെന്നുള്ള തത്വം അനപലാപ്യവും അംഗീകാര്യവുമായിരിക്കെ ഫലേച്ഛകൂടാതെ കർമ്മംചെയ്യണമെന്നു ഉപദേശിക്കുമ്പോൾ ഒരുതരം വിരോധാഭാസം വന്നുകൂടുന്നു" എന്നാണു്. ആ എന്റെ വാദഗതി സ്പഷ്ടമാക്കാനും സ്ഥാപിക്കാനും, ഉദാഹരണങ്ങളും ഉദ്ധരിച്ചിട്ടുണ്ടായിരുന്നു. അതിൽനിന്നെല്ലാം "കർമ്മവും ഫലവും ഒന്നിച്ചുപോകുന്ന രണ്ടു സംഗതികളാണെന്നു്" ഒരു കുറുക്കുവഴി വെട്ടിത്തെളിച്ചുകാണിക്കാമോ. പ്രതിവാദ്യമർമ്മം മനസ്സിലാക്കാതെയുള്ള ഒരു വലിയ അപരാധം മാത്രമാണതു്. അങ്ങനെയല്ല; കർമ്മവും ഫലവും ഒന്നിച്ചുപോകുന്ന" രണ്ടു സംഗതികളാണെന്നു് വിശ്വസിക്കുന്നതിൽ വിരോധിത്വവും എനിക്കില്ലായെന്നാണു് എന്റെ വിചാരം. ആകെക്കൂടി, ഇവിടെ ഒരു ചോദ്യം മി. പിള്ളയോടു് ചെയ്യാനുണ്ടു്. എന്റെ ലേഖനത്തിൽനിന്നു് ആ വാചകം ഉൾക്കൊള്ളുന്ന ആശയം എങ്ങനെ ലഭിച്ചു എന്നു് ഇപ്രകാരം എന്റെ ലേഖനവാദത്തെ അനുസരിച്ചു മി. പിള്ള കൈകൊണ്ടിട്ടുള്ള പ്രതിവാദഗതിതന്നെ വിലക്ഷണവും വികല്പവുമാകയാൽ, അതിനു പിൻപേ വരുന്ന ഉദാഹരണങ്ങളുടെ കാര്യംപിന്നെ പറയണമൊ. അതുകൊണ്ടു് വീണ്ടും അപേക്ഷിക്കുന്നു. എന്റെ ലേഖനം ശരിക്കു വായിച്ചു് മർമ്മഭാഗം കണ്ടുപിടിച്ചശേഷം എന്നോടു വാദിക്കുക. അല്ലാതെ നേരെതിരിച്ചു് എതിർക്കാതെ പുറകിൽക്കൂടെ എതിർക്കുന്നതു് ഉചിതമല്ലല്ലൊ.

"അല്പം ആലോചിച്ചിരുന്നെങ്കിൽ ഫലേച്ഛകൂടാതെ പ്രവർത്തിക്കണമെന്നുള്ള ഗീതോപദേശം മനുഷ്യരെ സ്വതന്ത്രരാക്കുവാൻ പര്യാപ്തമാണെന്നു മനസ്സിലാകുമായിരുന്നുവെന്നു്" മി. പിള്ള എഴുതിയിരിക്കുന്നു. കുഞ്ഞുങ്ങളുടെ കരച്ചിലു നിർത്താൻ ഉമ്മാക്കിവരുന്നുവെന്നു് സാധാരണ തള്ളമാർ പറയുന്നതുപോലെ—കേട്ടോ, ഫലേച്ഛകൂടാതെ പ്രവർത്തിക്കണമെന്നു ഉപദേശിച്ചതു് കൊറ്റാന്തിനുമല്ല, മനുഷ്യർക്കു കുറെ സ്വാതന്ത്ര്യമുണ്ടാകാനാണു്, അല്ലാതെ വലിയ കഥയൊന്നുമില്ല, എന്നു് മനസ്സിലാക്കണമെന്നു്" മി. പിള്ള എന്റെ ആലോചനയെ പ്രശംസിച്ചു പറഞ്ഞാൽ അതൊന്നും തമാശയായിട്ടേ എനിക്കു കരുതേണ്ടതുള്ളൂ. എന്തെന്നാൽ കൃഷ്ണനെയും ഗീതയെയും ഉമ്മാക്കിപ്രമാണങ്ങളാക്കി കെട്ടിയില്ലെന്നുവയ്ക്കാൻ ഞാൻസ

# ഒന്നു രക്ഷിക്കണേ!!

(ആർ. സുഗതൻ)

1121 മീനം 5-ാംതീയതി തിങ്കളാഴ്ചയിലെ മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ "ഭാരതീയസാഹിത്യവും മിസ്റ്റിസിസവും" എന്ന തലക്കെട്ടിൽ ഒരു സാഹിത്യവിശാരദൻ ഇങ്ങനെ എഴുതിയിരിക്കുന്നു.

"മനുഷ്യൻ മായികപ്രപഞ്ചത്തിൽ മുഴുകി ജീവിതയാഥാർത്ഥ്യങ്ങളെ ആരാഞ്ഞുതുടങ്ങുമ്പോൾ, അജ്ഞാതവും അവാച്യവുമായ അപൂർവ്വാവിശേഷങ്ങളിൽ ആമഗ്നനാകുന്നു. ആ അവസരത്തിൽ അവരവർക്ക് അനുഭൂതമാകുന്ന അഭൗമചൈതന്യദർശനംകൊണ്ട് അന്തഃകരണത്തിനുണ്ടാകുന്ന, അനുഭവത്തിന്റെ അജ്ഞേയമായ ആവിഷ്കരണം—ലോകത്തിന്റെ വൈചിത്ര്യവൈരുധ്യാദിദർശനത്തിൽ തരളിതചിത്താരകരിതരായിത്തീരുന്ന മനുഷ്യഹൃദയങ്ങൾ ഉൽകൃഷ്ടപ്രയാണം ചെയ്യുമ്പോൾ ചിലർക്കു മാത്രം ക്ഷണികമായി സമുൽഭൂതമാകുന്ന അനിർവചനീയമായ അനുഭൂത—അതല്ലയോ?—മിസ്റ്റിസിസം അഥവാ—"നിർവ്യാജതാദാത്മ്യവ്യക്താവിഷ്കരണം"—: ഈ വാചകം അനേകം തവണ ഞാൻ വായിച്ചു. ആലോചിച്ചു; വാക്കുകളുടെ അർത്ഥം അറിഞ്ഞു. എന്നാൽ എല്ലാംകൂടി എന്തൊരു ആശയം ഇതിലുണ്ടെന്നു മനസ്സിലാകുന്നില്ല. ഈ ഒരു നിസ്സഹായതയിൽ മലയാളിയായ വായനക്കാരനെ മുക്കിക്കൊല്ലുകയാണ് "മിസ്റ്റിസിസ"ത്തിന്റെ പണിയെങ്കിൽ അതിനു "കീഴടങ്ങാതെ" തരമില്ല. അറിയാൻ വയ്യാത്തതിനെ അതിലേറെ മനസ്സിലാകാത്ത മാതിരി വിശദീകരിച്ചിരിക്കുന്നു. "മിസ്റ്റിസിസത്തിൽ—ക്ഷണികമായി സമുൽഭൂതമാകുന്ന അനിർവചനീയമായ അനുഭൂതി എന്താണ്? ഇക്കിളിയാവുമോ? അറിഞ്ഞുകൂടാ. വായനക്കാരിൽ ആർക്കെങ്കിലും ഈ വാചകപ്പരമ്പരയുടെ ഗതിയും ഉള്ളടക്കവും മനസ്സിലായെങ്കിൽ അതെന്തെന്നു് ചിത്രോദയംവഴി അറിയിക്കുന്നതു് ഉപകാരമായിരിക്കും.

---

ന്നതല്ല. "ഗീതപഠിക്കുന്നതു് ഫലേച്ഛ പാടില്ലായെന്നാണ്, പക്ഷേ ഫലേച്ഛയോടുകൂടിത്തന്നെ നാം പ്രവർത്തിക്കണം എന്നു പഠിക്കുന്നതിനെങ്കിൽ അതു മനസ്സിലാകാൻ മി. പിള്ളയ്ക്കു കഴിയുമെങ്കിലും ഞാൻ അങ്ങനെ പറയാൻ ഒരുക്കമല്ല. കാരണം, ഗീതയെ ആമാതിരി, അത്യാസന്നവിരോധത്തിനു വിധേയമാക്കി നിസ്സാരകോടിയിൽപ്പെടുത്തുവാൻ എന്റെ ആലോചനാശേഷം അനുവദിക്കുന്നില്ല. മി. പിള്ള അറിഞ്ഞോ അറിയാതെയോ എതിർക്കുന്ന കൂട്ടത്തിൽ ഒരു അത്ഭുതം കടന്നുകൂടിയിട്ടുണ്ട്. സാധാരണക്കാർ വിചാരിക്കും ഗണകൻ ഗീതയെ അവഹേളിക്കുന്നു. മി. പി. മാരേശരൻപിള്ള ബി. എ. അതിനെ എതിർക്കുന്നുവെന്ന്. എന്നാൽ അങ്ങനെയല്ല. ഞാൻ അവഹേളിക്കുന്നുണ്ടെങ്കിൽ അതേസമയം ഗീതയ്ക്കു സമുന്നതമായൊരു നിലയുംവിലയും കൽപ്പിക്കുന്നുമുണ്ട്. മി. പിള്ള എതിർക്കുന്നതോ-ഗീതയൊരു കൊച്ചുപാട്ടുപുസ്തകം മാത്രമാണെന്ന്, അതിലങ്ങനെയൊക്കെ പറഞ്ഞിട്ടുണ്ടാവും എന്നു് തരംതാഴ്ത്തിക്കൊണ്ടാണ്. അതിനു് അദ്ദേഹത്തിന്റെ ലേഖനത്തിലെ ചില വരികൾ തെളിവുകളാകുന്നു.

ഇനി പറയാനുള്ളതു് ഞാൻ മുൻപ് എഴുതിയിരുന്ന ഒരു ലേഖനത്തിൽ അസംബന്ധം എഴുതിപ്പിടിപ്പിച്ചിരുന്നതായി ആരോപിക്കുന്നുവെന്ന് മി. പിള്ള എഴുതിയതിനെക്കുറിച്ചാണ്. അവിടെയും അദ്ദേഹത്തിനു തെറ്റു പിണഞ്ഞുപോയി എന്നേയുള്ളു. ആ മുൻലേഖനത്തിൽ "കിംനോ രാജ്യേന ഗോവിന്ദ കിം ഭോഗൈർജീവിതേന വാ" എന്നിങ്ങനെ യഥാർത്ഥ വൈരാഗിയുടെ ഉന്നതസ്ഥാനത്തിൽ എത്തിച്ചേർന്ന അർജ്ജുനനെ കൃഷ്ണൻ എന്തിനു താഴത്തേക്കു വലിച്ചിട്ടു? കർമ്മം ചെയ്യുവാൻ കർത്തവ്യം നിറവേററാൻ-എന്നൊരുത്തരം ഉണ്ട്. സകല കർമ്മങ്ങളുടെയും അന്തിമമായ പ്രയോജനം വിരാഗിതയാണെന്നു അന്യത്ര ഉൽബോധിപ്പിക്കുന്ന സ്ഥിതിക്കു അങ്ങനെ ഒരു കർമ്മം കൂടാതെതന്നെ ആ പദവിയിലെത്തിയതു് എത്രയോ അഭികാമ്യമാണ് എന്നു് എഴുതിയിരുന്നു. ഇവിടെയും എന്റെ വാദത്തെ ഖണ്ഡിക്കുന്നില്ല. മി. പിള്ളയ്ക്കു ഒരുത്തരം മാത്രമേയുള്ളു. "സാധാരണ മനുഷ്യർക്കു വരാവുന്ന ഒരു പ്രമാദം നീക്കാൻ എഴുതിയ ഒരു ഗ്രന്ഥം അത്രമാത്രമാണ് ഗീതയെന്നു ഞാൻ ധരിച്ചുകൊള്ളണം. ഗീത ഉപദേശിച്ചതും എഴുതിയതുമെല്ലാം ഈ തെററായധാരണ ലോകവ്യാപകമാകയാൽ, അതു തിരുത്തുന്നതിനുവേണ്ടിയാണെന്നു അതിന്റെ സംഘടനയും, സന്ദർഭസൃഷ്ടിയും, ഉപദേശരീതിയും, കാണുന്നവർക്കു അറിയാൻ കഴിയുമെന്നു പറഞ്ഞാൽ, "എന്തിനു കൃഷ്ണൻ അർജ്ജുനനെ താഴത്തേക്കു വലിച്ചിട്ടു എന്ന ചോദ്യം.

# ഒന്നുകൂടി

[തിരുവാർപ്പ് ബാലകൃഷ്ണൻനായർ]

ഏതുചെഞ്ചോരപ്പുഴനാമൊഴുക്കീയി
വിസ്തൃതഭാരതനാട്ടരക്ഷിക്കുവാൻ
ദേശാഭിമാനികളെത്രപേർമുന്നമീ
ദേശസമുദ്ധാരണാർത്ഥംമരിച്ചുപോയ്
പാതിയുംപിന്നിട്ടുപോന്നനാമെത്തുവാൻ
പാവനഭാരതസ്വാതന്ത്ര്യവേദിയിൽ

കോളിളക്കങ്ങൾനശിപ്പിച്ചുവേഗമീ-
ക്ഷോണിയിലെത്തുനാമിനിനിരന്നിടണം.
പാരതന്ത്ര്യത്തിൽകുടുങ്ങിക്കിടക്കുമീ
ഭാരതോദ്ധാരണത്തിന്നായിച്ചേരണം
ശക്തരാക്കേണ്ടതാനിമ്നോന്നതങ്ങളും
ദുർഗ്ഗമാർഗ്ഗങ്ങളെ പിന്നിട്ടുപോകണം
ഒട്ടുംമടിച്ചുനാം നിൽക്കാതെജീവിത
പട്ടാംബരങ്ങളുംനീളെവിരിക്കണം.

ഗീതയെപ്പണ്ടൊരീനാട്ടിലൽഭക്തി
നാതിദൂരംമേലിൽമണ്ണടിഞ്ഞീടണം .

വീരജവാഹരി; ഭാരതകേസരി
പോരിലീനമ്മെനയിക്കുമെന്നോർക്കണം.
മത്തുപിടിച്ചുമേൽനൃത്തമാടീടാതെ
രക്തത്തിൽമുങ്ങിക്കുളിക്കാതൊരുങ്ങണം.

മുന്നമീ'ഝാൻസിമഹാറാണി'യെപ്പോൽ
മന്നിലെവീരവനിതകളൊക്കെയും
ഒന്നായണിചേർന്നുനിൽക്കണംമേലിൽനാം
പൊന്നംബയെനിത്യമുക്തയാക്കീടുവാൻ.

ശോണിതംചിന്തിയചിത്രമൊരിക്കലും
ശോകാത്മചിത്രം രചിക്കാതിരിക്കണം.
എത്രയുവാക്കളിത്തായമാർതൻജഡം
മുക്തിക്കുനാട്ടിന്നുകാഴ്ചവച്ചോർപ്പുനാം

സ്വാതന്ത്ര്യവാരംപുലർന്നുനാമൊന്നുചേ-
ർന്നീരണമാടലിൽമുക്തിനേടീടണം·
സ്ത്രീബാലവൃദ്ധരാമേവരുമിന്നിര-
ന്നാരണകാഹളമെങ്ങുംമുഴക്കണം!

---

ത്തിന്നു ഉത്തരമാകുമെന്നു് ഞാൻ ധരിച്ചുകൊള്ളണം. വിശ്വസിച്ചു കൊള്ളണം. എനിക്കു മനസ്സില്ലാ അങ്ങനെ ധരിക്കാൻ, വിശ്വസിക്കാൻ. തെളിവുകളില്ലാത്ത ധാരണയും വിശ്വാസവും ആവശ്യമില്ലാത്തതാണെന്നു് മി. പി ദാമോദരൻപിള്ള ബി എ മനസ്സിലാക്കട്ടെ. ഇവിടെയെല്ലാം അദ്ദേഹത്തിനു് ഉദാഹരണങ്ങൾ ഇല്ലാതെയില്ല. പക്ഷേ—ഉദാഹരണങ്ങൾ വാദത്തിന്റെ പ്രധാനാംശവുമായിട്ടു് ബന്ധമില്ലാത്തവയാകയാൽ അവയെപ്പറ്റി ഒന്നും പറയുന്നില്ല. അവസാനമായി—ഒന്നുകൂടെ—മി. പിള്ള ആദ്യലേഖനത്തിൽ ഒന്നിനെ മറ്റൊന്നാക്കി വിളക്ക എന്നെഴുതിയിരുന്നതു് രണ്ടാമത്തു് മാറുക എന്നു തിരുത്തിയിരിക്കുന്നു വിളക്കുകയും മാറുകയും ഒന്നാണെന്നുള്ള ധാരണ അതിശനീയമല്ല. ചിരിക്കയും കരയുകയും എന്തെങ്കിലും ഒന്നു ചെയ്യേണ്ടതു് ഇവിടെയാണു്. അസംബന്ധം, ബാലിശം മുതലായ വാക്കുകൾക്കു് എത്രമാത്രം പ്രസക്തിയുണ്ടെന്നു് ഇനിയെങ്കിലും മി. പി. ദാമോദരൻപിള്ള ബി. എ. അറിയുമെങ്കിൽ.........

...0...


## താപ്പാരികൾ

പട്ടിണി, വ്യഭിചാരം എന്നീ ദുർഭൂതങ്ങളുടെ ബീഭത്സതയെ തന്മയത്വത്തോടെ ചിത്രീകരിക്കുന്ന ഹൃദയസ്പർശിയായ ഒരു ചെറുകഥയും ഫലിതമയമായ ഒരു ഏകാങ്കനാടകവും.

ഗ്രന്ഥകർത്താ—മുട്ടമ്പലം കെ. കെ.

വില 4 അണ.

കച്ചവടക്കാർക്കും ഏജൻറന്മാർക്കും നല്ല കമ്മീഷൻ. ആവശ്യപ്പെടുക.

പി. ജെ. ജോസഫ്,
വി. ജി. പ്രസ്സ്, കോട്ടയം.

# വായിക്കണം

| | | രൂ. | ണ. | പൈ. |
|---|---|---|---|---|
| 1. | ജയ്ഹിന്ദ് | 1 | 8 | 0 |
| 2. | ഐ. എൻ. എ. ചരിത്രം | 1 | 8 | 0 |
| 3. | ഐ. എൻ. എ. വിചാരണ | 1 | 8 | 0 |
| 4. | തകഴിയുടെ കഥകൾ | 1 | 4 | 0 |
| 5. | താഴ്‌വരകൾ—വെട്ടൂർ | 1 | 4 | 0 |
| 6. | മേൽവിലാസം | 1 | 4 | 0 |
| 7. | നാടകകൃത്ത്—ദേവ് | 1 | 0 | 0 |
| 8. | ഇ. വി. സ്മരണകൾ—സി. ഐ. | 1 | 8 | 0 |
| 9. | അപ്പൂപ്പൻ—കാരൂർ | 0 | 14 | 0 |
| 10. | നിങ്ങളുടെ ക്ഷേമം—മസാനി | 1 | 12 | 0 |

പൊൻകുന്നം വർക്കിയുടെ തിരുമുൽകാഴ്ച, ആരാമം, വികാരസദനം, അണിയറ, ഹൃദയനാദം, പ്രേമവിപ്ലവം, പൂജ, എന്നീ പുസ്തകങ്ങൾക്ക് 11 രൂപാ

മലയാ സിലോൺ ഈ സ്ഥലങ്ങളിൽനിന്നു ഓർഡർ അയയ്ക്കുന്നവർ വില മുൻകൂർ അടയ്ക്കേണ്ടതാണ്. അവർക്ക് പുസ്തകങ്ങൾ രജി. ബുക്കുപോസ്റ്റായി അയയ്ക്കും.

**നാഷനൽ ബുക്ക്സ്റ്റാൾ**

**കളരിക്കൽ ബസാർ കോട്ടയം**

# മലയാളി കേന്ദ്രങ്ങളിൽ

മലയാ, സിംഗപ്പൂർ, സിലോൺ, ബോംബെ, മദ്രാസ്, ബാംഗ്ലൂർ, കൽക്കട്ടാ, പൂനാ, മുതലായി മലയാളികൾ ധാരാളമുള്ള കേന്ദ്രങ്ങളിൽ ഞങ്ങളുടെ ഒന്നാംകിടയിലുള്ള (സുപ്രസിദ്ധ സാഹിത്യകാരന്മാരുടെ) വളരെയിനം പുസ്തകങ്ങൾ വില്ക്കുന്നതിനു ഏജന്റന്മാരെ ആവശ്യമുണ്ട്. വമ്പിച്ച കമ്മീഷൻ വ്യവസ്ഥ. 200രൂപയുടെ ഏകദേശം 200 പുസ്തകങ്ങൾക്ക് 125 രൂപാ മാത്രം.

കൊല്ലം, തൊടുപുഴ, ചെങ്ങന്നൂർ, ചങ്ങനാശേരി, ആലുവാ, മുണ്ടക്കയം, മൂവാറ്റുപുഴ, പെരുമ്പാവൂർ, കോതമംഗലം, വൈക്കം മുതലായ സ്ഥലങ്ങളിൽ ബുക്കസ്റ്റാളുകൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നവരും ഞങ്ങളുടെ പേർക്ക് എഴുതുക.

**പി സി ബുക്ക്സ്റ്റാൾ**

**കോട്ടയം, തിരുവിതാംകൂർ.**

Printed and Published by P. J. Joseph at the Geo Printing Works, Kottayam.

Reg. No. T. 7. M. 4720 License No. 368 Dated 1st March 1939

CHITRODAYAM, KOTTAYAM.

# പ്രതീക്ഷകൾ

വർത്തമാനകാലത്തേക്കാൾ ഭാവി നന്നായിരിക്കുമെന്നു നിങ്ങൾ ആശിക്കുന്നു. ഒരു തരത്തിൽ ശുഭാപ്തിവിശ്വാസവും പ്രതീക്ഷകളുമാണു് ജീവിതത്തെ നയിക്കുന്നതു്.

## അനുഭവമോ?

ആദായമാർഗ്ഗങ്ങൾ ഒരു ക്രമത്തിൽ പ്രവർത്തിക്കുന്നു. പ്രാരബ്ധങ്ങൾ വർദ്ധിക്കുകയും ചെലവുകൾ അധികമാകുകയും ചെയ്യുന്നു. ഈ കുഴപ്പങ്ങളെ എങ്ങനെ നേരിടാം?.

വരവുകൾക്കെന്നപോലെ ചെലവുകൾക്കും ഒരു ക്രമം പാലിക്കണം. ഒരു കരുതൽധനം ഉണ്ടായിരിക്കണം.

## നിങ്ങളുടെ നിക്ഷേപങ്ങൾക്കു്

## ഓറിയൻറൽ സെൻട്രൽ ബാങ്കു് (ക്ലിപ്തം)

കോട്ടയം.

# ഭാവിക്കുവേണ്ടി—

ആരോഗ്യവും പ്രവർത്തനശക്തിയും എന്നും നിലനില്ക്കുകയില്ല. അതുപോലെ തന്നെ സൗഭാഗ്യപൂർണ്ണമായ കാലവും ജീവിതത്തിൽ ഇല്ലാതിരിക്കയില്ല. നമ്മുടെ കഴിവുകളെ നാം തന്നെ അറിയുന്നതിലും അവ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിലുമാണു് നമ്മുടെ വിജയം.

പ്രവർത്തനശക്തിയുള്ള കാലത്തു് പണം ഉണ്ടാക്കാത്തവരായി ആരും ഇല്ല. പക്ഷെ, ഭാവിക്കുവേണ്ടി കരുതുവാൻ എത്ര പേർക്കു് കഴിയുന്നു!

ശ്രമിച്ചാൽ ആർക്കും പണം സമ്പാദിക്കാം. നമ്മുടെ ചെലവുകൾ വരവുകളെക്കാൾ കുറഞ്ഞിരിക്കട്ടെ. മിച്ചമുള്ള സംഖ്യ ബാങ്കിൽ നിക്ഷേപിക്കുക.

## ട്രാവൻകൂർ

## നേററിവ് ബാങ്ക് ക്ലിപ്തം

തൊടുപുഴ.